www.malankaralibrary.com


# REEHO D'EVANGELION

**സുവിശേഷത്തിന്റെ പരിമളം** ܪܝܚܐ ܕܐܘܢܓܠܝܘܢ

മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘ പ്രസിദ്ധീകരണം വാല്യം : 9 ലക്കം : 3 ഡിസംബർ 2023 പേജ് 12 ത്രൈമാസിക


## തിരുസഭയിൽ സുവിശേഷത്തിന്റെ അടയാളമാകുന്ന അറിയിപ്പുകാർ

**മോറോൻ മാർ ബസേലിയോസ് കർദ്ദിനാൾ ക്ലീമ്മീസ് കാതോലിക്കോസ്**



കത്തോലിക്കാ സഭയുടെ ജീവിതത്തിൽ രണ്ടായിരം വർഷങ്ങളായി പരിശുദ്ധാത്മാവ് നിരന്തരം ചൊരിഞ്ഞു കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾ വർണ്ണനാതീതമാണ്. ആഗോള കത്തോലിക്കാസഭയിലെ ചെറിയ അജഗണമാകുന്ന മലങ്കര കത്തോലിക്കാസഭയുടെ ജീവിതത്തിലും ഇത്തരം അനേക അനുഭവങ്ങൾ നമ്മുടെ ദൈവത്തിന്റെ കരുണാകടാക്ഷത്തിന്റെയും കരുതലിന്റെയും കരകവിഞ്ഞൊഴുകലായി, സ്ഥിരീകരണമായി, ഞാൻ കാണുകയാണ്. ഈ സഭയിൽ അത്ഭുതങ്ങളുണ്ടോ? അഥവാ, ദൈവത്തിന്റെ കരചലനത്തിന്റെ സൂചനകളുണ്ടോ? ഈ സഭയിൽ അടിസ്ഥാനപരമായി എന്താണ് സംഭവിച്ചു കൊണ്ടിരിക്കുന്നതെന്ന് ശ്രദ്ധിക്കുന്നവർ അനവധിയാണ്. നമ്മുടെ സഭയുടെ ഗുണപരമായ വ്യത്യാസം എവിടെയാണെന്ന് അന്വേഷിക്കുന്നവർക്കുള്ള സ്വർഗ്ഗത്തിന്റെ ഉത്തരമാണ് 2011-ലെ സഭയുടെ പ്രഥമ അസ്സംബ്ലിയിൽ പരിശുദ്ധാത്മാവിന്റെ പ്രത്യേക പ്രചോദനത്താൽ സംജാതമായ സുവിശേഷസംഘം എന്ന വിശുദ്ധീകരണ പ്രസ്ഥാനം. സുവിശേഷസംഘം ഒരു പതിറ്റാണ്ടു പിന്നിടുമ്പോൾ സുവിശേഷത്തിന്റെ പരിമളത്താൽ ആകർഷിക്കപ്പെട്ട ആയിരക്കണക്കിന് വ്യക്തികളും കുടുംബങ്ങളും നമ്മുടെ സഭയിൽ കാണപ്പെടുന്നു എന്നത് നിസാര കാഴ്ചയല്ല. 2012 മുതൽ ഓരോ വർഷവും നടന്നുവന്ന പരിശീലനത്തിൽ സമൂഹത്തിലും സഭയിലുമുള്ള അഭ്യസ്ഥവിദ്യരും ഉന്നതരുമായവരോടൊപ്പം സാധാരണ വിശ്വാസികളായ സ്ത്രീ-പുരുഷൻമാരും യുവജനങ്ങളും പങ്കെടുത്ത് സുവിശേഷാനുസൃതമായി ജീവിക്കുവാൻ സന്നദ്ധത കാണിക്കുന്നു എന്നതാണ് ഈ കാലഘട്ടത്തിലെ മറ്റൊന്നിനും പകരം വയ്ക്കാനാവാത്ത ഒരു മഹാത്ഭുതം !!!


അത്യാധുനിക സുഖസൗകര്യങ്ങളുടെയും അനേകം തിരഞ്ഞെടുപ്പുകളുടെയും ലോകത്തിൽ ജീവിക്കുവാൻ സാധിക്കുമായിരുന്നവർ എന്തിന് സുവിശേഷത്തിന്റെ ഇടുങ്ങിയ ഈ മാർഗ്ഗം തിരഞ്ഞെടുക്കുന്നു എന്ന എന്റെ അന്വേഷണം എത്തിനിൽക്കുന്നത് സുവിശേഷസംഘാംഗങ്ങൾ നല്കിയ ഹൃദയസ്പർശിയായ ചില ഉത്തരങ്ങളിലാണ്. അവയെല്ലാം തന്നെ വളരെ ആകർഷണീയങ്ങളുമാണ്. വാക്കിലും പ്രവൃത്തിയിലും സുവിശേഷാനുസൃതമായി കാതലായ മാറ്റം വരുത്തുവാൻ; ദൈവവുമായുള്ള വ്യക്തിബന്ധത്തിൽ വളരുവാൻ; സഭയുടെ ആദ്ധ്യാത്മികതയോട് കുടുതൽ ചേർന്ന് നിന്ന് സുവിശേഷാധിഷ്ഠിതമായി ജീവിക്കുവാൻ; വചനം ജീവിക്കുവാൻ; വ്യക്തി ബന്ധങ്ങൾ കുടുതൽ ഊഷ്മളമാക്കുവാൻ; കൗദാശികജീവിതത്തിൽ ആഴപ്പെടുവാൻ; ധാർമ്മികമായ ഇടപെടൽ നടത്തുവാൻ; ക്ഷമിക്കുവാനും സഹിക്കുവാനും; തീക്ഷ്ണതയിലും സമചിത്തതയിലും പക്വതയിലും വളരുവാൻ; സ്വയവിശുദ്ധീകരണത്തിലുടെ മാതൃകാപരമായി ജീവിക്കുവാൻ; കുടുംബത്തെ പറുദീസാ സമമാക്കുവാൻ; ഭൗതീകതയെക്കാൾ ആത്മീയതയ്ക്കു മുൻതൂക്കം നല്കുവാൻ; യേശുവിനും പ്രാർത്ഥനയ്ക്കും ഒന്നാം സ്ഥാനം നല്കുവാൻ; പരിശുദ്ധാത്മാവിന്റെ ആനന്ദത്തിൽ നിറയുവാൻ; മറ്റുള്ളവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് ചെയ്യുവാൻ; വചനം പ്രസംഗിക്കുവാൻ; സഭയെ ആഴമായി സ്നേഹിക്കുവാൻ; എന്നിങ്ങനെ നീളുന്ന ഉത്തരങ്ങളുടെ നിരയാണ് ഈ വ്യത്യസ്തതകളുടെ കാതലായ ഭാവം.

സാധാരണക്കാരായ വിശ്വാസികൾക്ക് ഇതിനുണ്ടായ പ്രേരണയെപ്പറ്റി അന്വേഷിക്കുന്നതും ഈയവസരത്തിൽ ഉചിതമാണ്. യേശു തന്നെ സ്നേഹിക്കുന്നു എന്ന സുനി

*(തുടർച്ച 2-ാം പേജിൽ)*

### ഉൾപേജുകളിൽ


| | |
|---|---|
| ഒറീസ മിഷൻ | 3 |
| മുഖമൊഴി, ധ്യാനചിന്ത | 5 |
| മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം വാർത്തകൾ | 6 |
| അനുഭവ സാക്ഷ്യം | 8,9,10,11 |
| ഫ്രാൻസിസ് മാർപാപ്പ സംസാരിക്കുന്നു | 12 |


Seventy-two disciples in the Gospel of Luke 10:1-24



## സാക്ഷ്യജീവിതത്തിലേക്ക് ഇറങ്ങുക

**സി. സോഫിയാ പോൾ ഡി.എം.**
*സഭാതല സുവിശേഷസംഘാംഗം*

“നിങ്ങൾ എനിക്ക് സാക്ഷികൾ ആയിരിക്കുക” (അപ്പ 1:8)

നിങ്ങൾ എനിക്ക് സാക്ഷികൾ ആകുക എന്നത് അപ്പോസ്തലസമൂഹത്തെ ക്രിസ്തു ഭരമേൽപ്പിച്ച ദൗത്യമാണ്. മർത്തൂസ് (Martus) എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് സാക്ഷി, സാക്ഷ്യം തുടങ്ങിയ പദങ്ങൾ വിവർത്തനം ചെയ്യുന്നത്. കാണുകയും കേൾക്കുകയും ചെയ്തത് ഏറ്റു പറയുന്ന വ്യക്തിയാണ് സാക്ഷി. കാണുകയും കേൾക്കുകയും ചെയ്തതിനെ കുറിച്ച് ഒരുവൻ നടത്തുന്ന പ്രസ്താവനയാണ് സാക്ഷ്യം. പത്രോസ് തന്റെ പ്രസംഗങ്ങളിൽ ആവർത്തിക്കുന്നു യേശുവിനെ ദൈവം ഉയർപ്പിച്ചു എന്നതിന് ഞങ്ങൾ സാക്ഷികളാണ് (അപ്പ. 2:32, 3:15, 4:33, 5:32, 10:39-41) അപ്പോസ്തലസമൂഹത്തിലേക്ക് മത്തിയാസിനെ തിരഞ്ഞെടുത്ത സാഹചര്യത്തിൽ തിരഞ്ഞെടുപ്പിന് മാനദണ്ഡമായി നിഷ്കർഷിച്ചിരുന്ന കാര്യവും ഇതുതന്നെയാണ്. തിരഞ്ഞെടുക്കപ്പെടുന്നയാൾ യേശുവിന്റെ പുനരുദ്ധാനത്തിന് അപ്പോസ്തലന്മാരോടൊപ്പം സാക്ഷിയായിരുന്ന വ്യക്തിയായിരിക്കണം. അതുപോലെ തന്നെ യോഹന്നാന്റെ സ്നാനം മുതൽ യേശു അപ്പോസ്തലന്മാരോടൊപ്പം സഞ്ചരിച്ചിരുന്ന കാലം മുഴുവനും അവിടുന്ന് ഉന്നതത്തിലേക്ക് സംവഹിക്കപ്പെട്ട നാൾ വരെയും അവരോടുകൂടെ ഉണ്ടായിരുന്നവരിൽ ഒരുവനായിരിക്കണം (അപ്പ.1:21-22) അപ്പോസ്തലനായി തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തി. ഇതാണ് അപ്പസ്തോലിക സാക്ഷ്യത്തിന്റെ പ്രത്യേകത.

സാധാരണക്കാരായിരുന്ന അപ്പോസ്തലന്മാർ തങ്ങളുടെ നിലനിൽപ്പിനെ കുറേക്കൂടി അഗാധമാക്കുന്ന തരത്തിൽ സാക്ഷ്യം വഹിക്കുക എന്ന ദൗത്യത്തെ

*(തുടർച്ച 8-ാം പേജിൽ)*

www.malankaralibrary.com



*( ...... 1-ാം പേജിൽ നിന്നും തുടർച്ച)*

ശ്ചിതവും വ്യക്തവുമായ അനുഭവങ്ങൾ ചിലർക്ക് ഇതിന് പ്രേരകശക്തിയാകുമ്പോൾ, ദൈവം എന്നെ ഇതിനായി തിരഞ്ഞെടുത്തിരിക്കുന്നു എന്ന ഉൾബോധ്യം മറ്റു ചിലരെ നിർബന്ധിക്കുന്നു. എന്നാൽ, ഏതാനും പേർക്ക് ഇതെന്റെ അവകാശമാണ് എന്ന ഉള്ളിൽ നിറയുന്ന സ്വത്വബോധമാണ് ഹേതുവായി മാറിയത്. കൈവയ്പ്പു സ്വീകരിച്ചവരുടെ ജീവിതത്തിന്റെ മാതൃകയും മാറ്റവും വെല്ലുവിളിയായി, ആകർഷണമായി, പ്രചോദനമായിത്തീർന്നവരും ഇക്കൂട്ടത്തിലുണ്ട്. സുവിശേഷാനുസൃതമായ ജീവിതം സഭയിലും കുടുംബത്തിലും വ്യക്തിജീവിതത്തിലും അവരുടെ സാമൂഹിക പശ്ചാത്തലത്തിലും വരുത്തുന്ന കാര്യപ്രസക്തമായ സ്വാധീനം നിസാരമായി കാണാനാവില്ല. സാധാരണമായി, അത്യാവശ്യ പ്രാർത്ഥനകൾ ചൊല്ലി മുന്നോട്ട് പോകുന്നതിനപ്പുറം സുവിശേഷത്തിന്റെ മുല്യങ്ങൾ ജീവിച്ച് പങ്കുവയ്ക്കാനുള്ള മാർഗ്ഗമായി സുവിശേഷസംഘത്തിന്റെ ശൈലികൾ സ്വീകരിക്കുവാൻ അനേകർ തയ്യാറാവുന്നു എന്നത് സഭയ്ക്കു നല്കുന്നത് വലിയ പ്രത്യാശയാണ്. കൈവയ്പ്പു ശുശ്രൂഷയുടെ സമയത്ത് ഒരൊരുത്തരും സത്യപ്രതിജ്ഞ ചെയ്യുമ്പോൾ അത് സ്വീകരിക്കുന്ന ദൈവത്തോടുള്ള ബന്ധം എന്നത്തെക്കാളും സുദൃഢമാവുകയാണ്. ആർക്കും ദൈവത്തെ കബളിപ്പിക്കാനാവില്ല എന്ന് നമുക്ക് മറക്കാതിരിക്കാം. ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് നാം വിശുദ്ധമായി ജീവിച്ചാൽ അനേക നന്മകൾ നമുക്ക് ചെയ്യാനാവും.

അൽബേനിയയിൽ ജനിച്ചു വളർന്ന്, സന്യാസിനിയായി, ഉന്നതമായ വിദ്യാഭ്യാസ സ്ഥാപനത്തിൽ ജോലി ചെയ്തിരുന്ന വിശുദ്ധ മദർ തെരേസ എന്തിന് കൽക്കട്ടയിലെ അതിദരിദ്രരായ ജനങ്ങൾക്കായി തെരുവുകൾ തോറും നടന്നു ഒരു വിശുദ്ധയായി ജീവിച്ചു എന്ന ചോദ്യത്തിന് മദർ നല്കിയ "ക്രിസ്തുവിന്റെ സ്നേഹം എന്നെ നിർബന്ധിക്കുന്നു" (Love of Christ urges us [1 Cor 5:14-15]) എന്ന ഉത്തരം തികച്ചും സുവിശേഷമയമായിരുന്നു എന്ന് നമുക്കറിയാം. ഒരു വ്യക്തിയുടെ സുവിശേഷാത്മകമായ ജീവിതം എത്രയധികം ലോകത്തെ സ്വാധീനിക്കുന്നു, മാറ്റിമറിക്കുന്നു! മദർ തെരേസ്സായെക്കാൾ നന്നേ ചെറുപ്പവും, ഊർജ്ജസ്വലയും, സുന്ദരിയും, സമ്പന്നയുമായിരുന്ന ബ്രിട്ടീഷ് രാജകുമാരി ഡയാനക്ക് മദറിനോളം ലോകത്തെ സ്വാധീനിക്കുവാനായില്ല എന്നത് ഒരു യാഥാർത്ഥ്യം. പാവപ്പെട്ടവരൊഴികെ യാതൊന്നും സ്വന്തമായില്ലാതിരുന്ന മദർ തെരേസ്സായുടെ മൃതസംസ്ക്കാരത്തിന് വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ പ്രതിനിധിയുൾപ്പെടെ 120-ൽ അധികം രാഷ്ട്രത്തലവൻമാർ എത്തിയത് മദർ നടത്തിയ ഏതു അഡ്മിനിസ്ട്രഷന്റെ പേരിലായിരുന്നു? എന്താണ് എല്ലാവരേയും ഇത്രമാത്രം ആകർഷിച്ചത്? 'ഈ ലോകത്തിന് ഒരു അമ്മയുണ്ട്' എന്ന സുവിശേഷമാണ് മദറിലൂടെ ലോകം അനുഭവിച്ചത്. സുവിശേഷത്തിൽ നാം കാണുന്ന ക്രിസ്തു സ്നേഹം, ക്രൂശിക്കപ്പെട്ട ക്രിസ്തുവിനോടുള്ള സ്നേഹം.

2023 ഒക്ടോബറിൽ റോമിൽ നടന്ന സിനഡ് സമ്മേളനത്തിനിടെ അന്ത്യോക്യയിലെ പാത്രീയാക്കീസ് തിരുമേനി തന്റെ നാട്ടിലെ പലായനത്തിന് നിർബന്ധിക്കപ്പെടുന്ന ജനങ്ങളുടെ ശബ്ദമായി ഇപ്രകാരം പറഞ്ഞു, "യേശു ജീവിച്ച ഞങ്ങുടെ ദേശത്തെ *വിശുദ്ധനാട്* എന്ന് ലോകം വിളിക്കുന്നു. അതു ശരിയാണ്. എന്നാൽ ലോകം ഒരു കാര്യം മനസ്സിലാക്കണം, യേശുവിന്റെ ശരീരം അടക്കം ചെയ്ത മണ്ണാണ് ഞങ്ങളുടേത്, എന്നു പറഞ്ഞാൽ, ഞങ്ങളുടെ മണ്ണിലാണ് നമ്മുടെ കർത്താവിനെ അടക്കിയത്. അതിനാൽ അതിവേദനയിലും അതിജീവനത്തിന്റെ വെല്ലുവിളിക്കു മദ്ധ്യേയും ക്രൂശിതനോടുള്ള സ്നേഹം അവിടെ തുടരാൻ ഞങ്ങളെ നിർബന്ധിക്കുന്നു." ഇത്തരം അതിതീവ്രമായ അനുഭവങ്ങുടെ നിർണ്ണായക ഘട്ടത്തിലെ ചില ചോദ്യങ്ങൾക്ക് നാം ഈ ലോകത്തോട് ഉത്തരം പറയേണ്ടിവരും.

**അറിയിക്കേണ്ട ക്രൂശിതന്റെ സുവിശേഷം**

നാം ഇന്ന് അഭിമുഖീകരിക്കുന്ന എറ്റവും വലിയ വെല്ലുവിളി വിശ്വാസപ്രതിസന്ധിയും യേശുവിനെ അവതരിപ്പിക്കുന്നതിലുള്ള ഒരുതരം സന്നിഗ്ദ്ധാവസ്ഥയുമാണ്. ദൈവശാസ്ത്രപരമായി നോക്കിയാൽ പഴയ നിയമത്തിന്റെ താളുകളിൽ നിന്നും ദൈവത്തിന്റെ മഹത്വത്തെ മനസ്സിലാക്കുന്നതിൽ നിന്നും ഏറെ പൂർണ്ണത പ്രാപിച്ച ദൈവീക സത്യത്തെയും ദൈവീകരൂപത്തെയുമാണ് പുതിയ നിയമത്തിലെ യേശുവിലുടെ വെളിപ്പെടുന്നത്. നസറേത്തിലെ സിനഗോഗിൽ വച്ച് അടച്ച എശയ്യാ പ്രവാചകന്റെ പുസ്തകം പിന്നീട് തുറക്കുന്നത് യേശുവെന്ന പുതിയ മനുഷ്യനിലേക്കാണ്. അതായത്, പഴയനിയമത്തിലെ മഹത്വത്തിന്റെ ഭാഷയും ഭാഷ്യവുമല്ല പുതിയനിയമത്തിലെ യേശുവിലുടെ നാം കേൾക്കുന്നതും അനുഭവിക്കുന്നതും. എവിടെയാണ് ദൈവത്തിന്റെ മഹത്വം ലോകം അന്വേഷിക്കുന്നത്?. ലൗകീക മഹത്വത്തിന്റെ കണ്ണഞ്ചിക്കുന്ന പ്രകാശമുള്ള ദൈവമഹത്വം കാണുവാനുള്ള വലിയ തിരക്കിലാണ് ഇന്നത്തെ ലോകം. എന്നാൽ അതേ സ്ഥലങ്ങളിൽ നിരാലംബരായി, അനാഥരായി, അവഗണിക്കപ്പെട്ടവരായി വിശക്കുന്നവരായി, കണ്ണീരണിഞ്ഞവരായി ക്രിസ്തുവിന്റെ പ്രതിരൂപങ്ങൾ നമുക്ക് ചുറ്റും നിറയുന്നു. ഇവിടെയാണ് വിശുദ്ധ മദർ തെരേസ ഇങ്ങനെ പറഞ്ഞത് "തിരുവോസ്തിയിലും കുഷ്ഠരോഗിയുടെ മുറിവിലും ഞാൻ യേശുവിന്റെ മുഖം കാണുന്നു." ലോകത്തിന് മനസ്സിലാക്കാൻ വളരെ പ്രയാസമുള്ള ഒരു ക്രിസ്തുശാസ്ത്രമാണ് മദർ ഇവിടെ അവതരിപ്പിച്ചത്. ഇതാണ് ക്രിസ്തുവിൽ അവതരിച്ച മഹത്വത്തിന്റെ പുതിയ ദൈവശാസ്ത്രം. ലോകത്തിന് താരതമ്യേന അജ്ഞാതമായ സ്നേഹശാസ്ത്രം. ഈ ക്രൂശിതനെപ്പറ്റി പറഞ്ഞ അനേകർ നിരാലംബരാക്കപ്പെട്ടു, കൊല്ലപ്പെട്ടു, സഹനങ്ങൾ ഏറ്റുവാങ്ങി. എങ്കിലും തീവ്രമായ വേദനയുടെ മധ്യത്തിലും അനേകർ ദൈവസ്നേഹവും വിശ്വാസവും എറ്റുപറഞ്ഞു, അതിനായി ജീവിച്ചു. അതിനാൽ പലവിധത്തിൽ വേദനിക്കുന്ന ഈ ലോകം ദൈവമഹത്വം അന്വേഷിക്കുമ്പോൾ അവർക്ക് ക്രൂശിതനെ നാം പരിചയപ്പെടുത്തുമ്പോൾ, മദർ തെരേസാ നല്കിയതുപോലുള്ള ഉത്തരങ്ങൾ നല്കുവാൻ കഴിയുമ്പോൾ, പെന്തക്കൊസ്തായുടെ നവമായ അനുഭവങ്ങൾ നമ്മിലും അവരിലും ഉണ്ടാകും. അതാണ് യഥാർത്ഥത്തിലുള്ള അത്ഭുതങ്ങൾ.

എന്റെയും നിങ്ങളുടെയും ലോകം മുഴുവന്റെയും പാപം മോചിക്കുവാൻ യേശു വേദനയും എകാന്തതയും അവഹേളനവും ഏറ്റെടുക്കുകയായിരുന്നു. "നിന്റെ പാപം ഞാൻ ഏറ്റെടുക്കാം, നിന്നെ മോചിപ്പിക്കാം. നിന്റെ വേദനയിൽ, എകാന്തതയിൽ, അവ

*(തുടർച്ച 4-ാം പേജിൽ)*

**മുഖ്യരക്ഷാധികാരി**
മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവ
**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. ആന്റണി മാർ സിൽവാനോസ്
**ചീഫ് എഡിറ്റർ**
റവ. ഫാ. ബനഡിക്ട് മൂഴിക്കര OIC
**മാനേജിംഗ് എഡിറ്റർ**
റവ. ഡോ. സി. മേരി പ്രസാദ് DM
**എഡിറ്റർ**
ഡോ. എബ്രഹാം ജോർജ്ജ് മാങ്കാവിൽ
**എഡിറ്റോറിയൽ ബോർഡ്**
റവ. ഡോ. സി. നമിത SIC
ഡോ. തോമസുകുട്ടി പനച്ചിക്കൽ
ഡോ. വി. ജെ. ജേക്കബ്
ഡോ. ജോജു ജോൺ
ബാർ ഈത്തോ കാശീറോ പി. പൗലോസ്

## മലങ്കര കത്തോലിക്കാ സുവിശേഷ സംഘം
### 2024 ജനുവരി-ഏപ്രിൽ മാസങ്ങളിലെ പ്രോഗ്രമുകൾ

| | | |
|---|---|---|
| **ജനുവരി** | | |
| 6-7 ശനി, ഞായർ | - | ഇടക്കര-നിലമ്പൂർ വൈദികജില്ല സുവിശേഷസംഘ പരിശീലനം-4, ആനക്കല്ല് |
| 13-14 ശനി, | - | അഞ്ചൽ വൈദികജില്ല സുവിശേഷസംഘ പരിശീലനം-6, അഞ്ചൽ |
| 15 ഞായർ | - | കോല്ലംകോട് വൈദികജില്ല സുവിശേഷസംഘ പരിശീലനം-3, പിൻകുളം |
| 18- വ്യാഴം | - | മാർത്താണ്ഡം, കളിയിക്കാവിള വൈദിക സമ്മേളനം, നടൈക്കാവ് |
| 20-21 ശനി -ഞായർ | - | കൊട്ടാരക്കര വൈദികജില്ല സുവിശേഷസംഘ പരിശീലനം-3, കിളക്കേതെരുവ് |
| 25- വ്യാഴം | - | മാവേലിക്കര, കടമ്പനാട് ജില്ല വൈദിക സമ്മേളനം, കടമ്പനാട് |
| 26 വെള്ളി | - | സുവിശേഷസംഘം, ബാലരാമപുരം വൈദികജില്ല. മുംബൈ-പൂനാ വൈദികജില്ല ഓൺലൈൻ സുവിശേഷസംഘ പരിശീലനം |
| 27- 28 ശനി, ഞായർ | - | തിരുവല്ലാ, തിരുവല്ലാ സുവിശേഷസംഘ പരിശീലനം-3, തിരുവല്ലാ |
| **ഫെബ്രുവരി** | | |
| 3-4 ശനി, ഞായർ | - | കണ്ണൂർ-കാസർഗോഡ് വൈദികജില്ല സുവിശേഷസംഘ പരിശീലനം-1, നടുവിൽ |
| 10-11 ശനി, ഞായർ | - | മാനന്തവാടി വൈദികജില്ല സുവിശേഷസംഘ പരിശീലനം-4, മാനന്തവാടി |
| 15 വ്യാഴം | - | എപ്പ്സ്ക്കോപ്പൽ കോൺസക്രേഷൻ, പുനാ |
| 17-18 ശനി, ഞായർ | - | ദക്ഷിണ കന്നഡ റീജൻ സുവിശേഷസംഘ പരിശീലനം-2, കടബ |
| 24-25 ശനി, ഞായർ | - | അടൂർ, വൈദികജില്ല സുവിശേഷസംഘ പരിശീലനം-1, അടൂർ |
| 28-29 വ്യാഴം-വെള്ളി | - | റാന്നി-വെണ്ണിക്കുളം സുവിശേഷസംഘ പരിശീലനം-5, വെണ്ണിക്കുളം |
| **മാർച്ച്** | | |
| 2-3 ശനി ഞായർ | - | മാവേലിക്കര, ചെങ്ങന്നൂർ വൈദികജില്ല സുവിശേഷസംഘ പരിശീലനം-5, ചെങ്ങന്നൂർ |
| 3 ഞായർ | - | കൈവയ്പ്പു, മൂവാറ്റുപുഴ-3, പീച്ചി |
| 9-10 ശനി, ഞായർ | - | പിറവം വൈദികജില്ല സുവിശേഷസംഘ പരിശീലനം-3, ഓണക്കുർ |
| 16-17 ശനി, ഞായർ | - | നെടുമങ്ങാട് വൈദികജില്ല സുവിശേഷസംഘ പരിശീലനം-2, നെടുമങ്ങാട് |
| 23- ശനി, ഞായർ | - | കുരുത്തോല ഞായർ, ഹാശാ ആഴ്ച, ഈസ്റ്റർ |
| **ഏപ്രിൽ** | | |
| 6-7 ശനി, ഞായർ | - | പാറശാല വൈദികജില്ല സുവിശേഷസംഘ പരിശീലനം-5, പാറശാല |
| 13-14- ശനി, ഞായർ | - | ഇടക്കര-നിലമ്പൂർ വൈദികജില്ല സുവിശേഷസംഘ പരിശീലനം-4, ആനക്കല്ല് |
| 20-21 ശനി, ഞായർ | - | അഞ്ചൽ വൈദികജില്ല സുവിശേഷസംഘ പരിശീലനം-6, അഞ്ചൽ |
| 28-29 ശനി, ഞായർ | - | മുംബൈ-പൂനാ വൈദികജില്ല സുവിശേഷസംഘ പരിശീലനം, മുംബൈ, പൂനാ |

www.malankaralibrary.com





# ഒറിസ മിഷൻ
# സുവിശേഷവത്കരണത്തിന് നോർത്ത് ഇന്ത്യയിലെ അനന്ത സാധ്യതകൾ

**റവ. ഫാ. ജോസ് മുണ്ടപ്ലാവിള**
ജുനഘട്ട്, ഒഡീഷാ

തോമയുടെ പാവനപൂജിത പാതം പതിഞ്ഞ പ്രദേശമാണ് ഭാരതം. തോമാ ക്രിസ്തുഘോഷണം നടത്തിയിട്ട് രണ്ട് സഹസ്രം പിന്നിടാറാകുമ്പോഴും തോമാ മക്കളെന്ന് അഭിമാനിക്കാൻ കഴിയുന്ന വസ്ഥുതകൾ തുലോം കാറവാണെന്നറിഞ്ഞിട്ടാവണം സഭയൊന്നടങ്കം ഐക്യദാർഢ്യത്തോടെ തീരുമാനിച്ചത്. കേരളമാകുന്ന പറയുടെ മറവിൽ തെളിഞ്ഞു നിൽക്കാനുള്ളതല്ലാ തോമാ പകർന്നുതന്ന ക്രിസ്തു വചനങ്ങളെന്ന്. മാർ ഈവാനിയോസിന്റെ പൈതൃകം പേറിയ സഭയിന്ന് സുവിശേഷവത്ക്കരണത്തിന് അല്മായരെ കൂട്ടി ഭാരതത്തിന്റെ അങ്ങോളമിങ്ങോളം സർക്കാർ സംവിധാനങ്ങൾ പോലും എത്തിയിട്ടില്ലാത്ത ഗ്രാമങ്ങളിലേക്ക് ചേക്കേറി ക്രിസ്തുവിനെയും അവന്റെ സദ്വാർത്തയും പകർന്നു നൽകുന്നു.

12 ചെറിയ പ്രവാചകന്മാരിലൊരാളായ അമിതായുടെ പുത്രനായ യോനായോട് ദൈവം നിനുവെയിൽ ചെന്ന് നിവാസികളെ മാനസാന്തരപ്പെടുത്താൻ ആവശ്യപ്പെടുന്നത് പഴയനിയമത്തിൽ സുവിശേഷവൽക്കരണത്തിന്റെ ഉദാത്തമായ ഉദാഹരണമാണ്. വലിയ പ്രവാചകനായ മഹത്വമുള്ളവനായ ഏശയ്യായോട് ദൈവം പരിഭവം പറയുന്നത് ആരെയാണ് ഈ ജനങ്ങൾക്കുവേണ്ടി അയയ്ക്കുക? ആരാണ് നമുക്കുവേണ്ടി പോകുക എന്നാണ്; ഈ സന്ദേഹത്തിന്റെ അകക്കാമ്പിൽ ഒളിഞ്ഞിരിക്കുന്നത് സുവിശേഷവൽക്കരണത്തിന്റെ ആഹ്വാനവും ഓർമ്മപ്പെടുത്തലുമാണ്. സങ്കീർത്തകന്റെ ആലാപനം "കർത്താവിന് കൃതജ്ഞത അർപ്പിക്കുവിൻ; അവിടുത്തെ നാമം വിളിച്ചപേക്ഷിക്കുവിൻ; അവിടുത്തെ പ്രവൃത്തികൾ ജനതകളുടെയിടയിൽ ഉദ്ഘോഷിക്കുവിൻ" (സങ്കീ.105:1) എന്നത് സുവിശേഷ പ്രചാരണത്തിന്റെ ആജ്ഞാപനമാണ്. സർവ്വശക്തനായ ദൈവം എസെക്കിയേലിനോട് ഭാഷണം നടത്തിയത് "അങ്ങനെ അനേകം ജനതകളുടെ മുമ്പിൽ ഞാൻ എന്നെത്തന്നെ വെളിപ്പെടുത്തുകയും എന്റെ വിശുദ്ധിയും മഹത്വവും കാണിച്ചുകൊടുക്കുകയും ചെയ്യും. ഞാനാണ് കർത്താവ് എന്ന് അപ്പോൾ അവർ അറിയും" (എസെ.38:23). പഴയനിയമ പാരായണം അവസാനിപ്പിക്കുമ്പോൾ എത്തിനിൽക്കുന്നത്; ദൈവവചന പ്രഘോഷണവും ലോകത്തെ അനുഗ്രഹിക്കാനും കൃപാവരങ്ങൾ ചൊരിയുവാനുമായി ദൈവം ഒരു ജനതയെ ചേർത്തു നിർത്തിയിരുന്നു എന്ന വലിയ അറിവിലാണ്.

പുതിയ നിയമത്തിന്റെ വെളിപ്പെടുത്തലനുസരിച്ച് ദൈവപുത്രനായ ക്രിസ്തുവിലാണ് ദൈവം കേവലം ഇസ്രായേൽ ജനതയ്ക്ക് മാത്രം അവകാശപ്പെട്ടതല്ല, അതുകൊണ്ടാവണം ക്രിസ്തു സ്വർഗാരോഹണത്തിനുമുമ്പ് തന്റെ ശിഷ്യരോട് ആഹ്വാനം ചെയ്യുന്നത് "നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ" (മത്താ.28:19). ക്രിസ്തു വചനം ശിരസാവഹിച്ച ശിഷ്യന്മാർ ലോകത്തിന്റെ അതിർത്തികൾവരെ ചെന്ന് ക്രൂശിതനും മരിച്ചവരിൽ നിന്നും ഉത്ഥിതനും ആയ ക്രിസ്തുവിന്റെ സുവിശേഷം പ്രഘോഷിച്ചു. ജറുസലേമിൽ ആരംഭിച്ച് തുടർന്ന് യൂദയായിലും സമരിയായിലും പ്രാന്ത പ്രദേശങ്ങളിലുമിറങ്ങിച്ചെന്ന് അനുതപിച്ച് ക്രിസ്തു വിശ്വാസത്തിൽ കടന്നുവരാൻ സ്വാഗതം ചെയ്തു. യഹൂദരും സമരിയാക്കാരും പിന്നെ ഗ്രീക്കുകാരും റോമാക്കാരും ആഫ്രിക്കരും വ്യത്യസ്ത സംസ്കാരത്തിൽ നിന്നുള്ളവരും ദേശങ്ങളിൽ നിന്നുള്ളവരും ക്രിസ്തുവിന്റെ പങ്കാളികളായി. പഴയനിയമവും പുതിയനിയമവും ആവർത്തിച്ച് സമർത്ഥിക്കുന്നത് ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട അനുഗ്രഹീത ജനത്തിലൂടെ മറ്റും ഇവർ ദൈവത്തെ അറിഞ്ഞ് അനുതപിച്ച് ദൈവരാജ്യാംഗങ്ങളും ക്രിസ്തു വാഗ്ദാനം ചെയ്ത രക്ഷയുടെ കൂട്ടവകാശികളുമാകുന്നതിനും വേണ്ടിയാണ്.

2013 നവംബറിൽ പ്രസിദ്ധീകരിച്ച ഫ്രാൻസിസ് പാപ്പായുടെ പ്രബോധനമായ 'എവഞ്ചേലി ഗൗതിയം"-ത്തിൽ (സുവിശേഷത്തിന്റെ ആനന്ദം പാപ്പാ ക്രിസ്തീയ ലോകത്തോട് വിളിച്ച് പറയുന്നത് ഉത്ഭവത്തിലേയ്ക്കുള്ള തിരിച്ചുപോക്കാണ്. ആദിമ ക്രൈസ്തവ സമൂഹത്തിന്റെ ആത്മീയത വീണ്ടെടുത്ത് സുവിശേഷം ലോകം മുഴുവൻ പ്രഘോഷിക്കാൻ പരി. പിതാവ് പറയുന്നു. ഈ ലോകത്തിലെ എല്ലാ ജനതകളോടും സുവിശേഷം പ്രസംഗിക്കേണ്ടതിന്റെ ആവശ്യകതയെ ഊന്നിപറയുന്ന വി. ജോൺ പോൾ രണ്ടാമൻ പാപ്പായുടെ 1990 ഡിസംബറിൽ പുറത്തിറങ്ങിയ ചാക്രികലേഖനമായ "റിഡംപ് തോറിസ് മിസിയോ" - യിൽ പരി. പിതാവ് ഒന്നാം അദ്ധ്യായത്തിൽ ആധുനിക ലോകം അത്ഭുതപ്പെടുന്ന ഒരു ചോദ്യം അവതരിപ്പിക്കുന്നുണ്ട്. അക്രൈസ്തവരുടെയിടയിൽ സുവിശേഷവൽക്കരണത്തിന്റെ പ്രധാന്യം എന്ന് ചാക്രികലേഖനമവസാനിക്കുമ്പോൾ പ്രത്യാശയുടെ കിരണം ജ്വലിപ്പിച്ചുകൊണ്ട് പിതാവ് കുറിക്കുന്നു, പുതിയ സുവിശേഷവൽക്കരണ കാലത്തിന്റെ ഉദയം ഞാൻ കാണുന്നു. എല്ലാ ക്രിസ്ത്യാനികളും മിഷണറിമാരും പ്രത്യേകിച്ച് യുവസഭകളും ഒരുപോലെ ഈ വിളിക്ക് ഔദാര്യത്തോടെ പ്രത്യുത്തരം നൽകിയാൽ അത് വിളവധികം കൊയ്യുന്നതായിരിക്കും. കാലം പിന്നിട്ടുവന്ന പിതാക്കന്മാർ നമ്മോടാവശ്യപ്പെട്ടത് ഒന്നേ ഉണ്ടായിരുന്നുള്ളൂ. ക്രിസ്തുവിനെ കേട്ടിട്ടില്ലാത്തവരുടെ കാതുകളിൽ അവനെ ഓതിക്കൊടുക്കുക.

അത്യാധുനിക ശാസ്ത്രലോകത്ത് വിരാജിക്കുന്നവർക്ക് ഒരുപക്ഷേ അത്ഭുമായിരിക്കും ക്രിസ്തു ജനിച്ചിട്ട് രണ്ട് സഹസ്രാബ്ദം പിന്നിടുന്ന ഇന്ന് എങ്ങനെ സുവിശേഷം പ്രഘോഷിക്കാമെന്ന്. ഫ്രാൻസിസ് മാർപാപ്പായുടെ വാക്കുകൾ കടമെടുത്താൽ നിറഞ്ഞ മനസ്സോടെ മറ്റുള്ളവരെ കാണുമ്പോൾ പുഞ്ചിരിക്കുന്നത് സുവിശേഷ പ്രസംഗമാണ്. ഒരുപക്ഷേ സുവിശേഷം പ്രഘോഷിക്കാൻ ഇതിലും വലിയ എളുപ്പവഴി ഇല്ലെന്ന് തോന്നുന്നു. റ്റാറ്റാ കൊടുക്കുന്നത് സുവിശേഷ പ്രഘോഷണമാണെന്നറിഞ്ഞത് വളരെ വൈകിയായിരുന്നു. ഒഡീഷായിൽ നബരംഗ്പൂർ ജില്ലയിൽ പ്രജകാന്ത എന്ന ഗ്രാമം മലങ്കര കത്തോലിക്കാ വിശ്വാസം സ്വീകരിക്കുന്നത് അതുവഴി കടന്നുപോയ സിസ്റ്റേഴ്സ് റ്റാറ്റാ കൊടുത്തിട്ടാണ്. വെറുതെ ഒരു കൗതുകത്തിന് തുടങ്ങിയ റ്റാറ്റാ കൊടുക്കൽ പന്നെയത് കുശലാന്വേഷണത്തിന് വഴി തെളിച്ചു. പിന്നെ വിശ്വാസ സ്വീകരണത്തിന് കാരണമായി.





അസ്തമിച്ച പ്രതീക്ഷകളുടെ മുന്നിൽ പകച്ചുപോയവരും ജീവിതത്തിന്റെ അറ്റങ്ങൾ തമ്മിൽ കൂട്ടിമുട്ടിക്കാൻ അക്ഷീണം പരിശ്രമിക്കുന്നവരാണ് ഗ്രാമങ്ങളിലേറെയും. വീണുപോയേക്കാവുന്ന സാഹചര്യങ്ങളിൽ അഭയം തേടിവരുമ്പോൾ "സാരമില്ലെടാ... ദൈവം ഉണ്ടെടാ കൂടെ....." എന്നൊന്ന് ചേർത്തു നിർത്തി പറയുമ്പോൾ അവരുടെ കണ്ണിൽ വിരിയുന്ന തിളക്കം കാണാം. ഇതും ക്രിസ്തു പറഞ്ഞ അതേ വചന പ്രഘോഷണമാണ്. ഗ്രാമങ്ങളിലെ വീടുകളിലെ പ്രത്യേകത മണ്ണും ചെളിയും കമ്പും കൊണ്ടുണ്ടാക്കിയ ചെറിയ കുടിലുകളാണ്. അധികമാരും കയറാൻ മടിക്കുന്ന കൂരയാണ് അവരുടേത്. എന്നാൽ നമ്മൾ ഒന്ന് കയറി. ചാണകം മെഴുകിയ തറയിൽ അവരോടൊപ്പമൊന്നുരുന്നാൽ ലോകം കീഴടക്കിയവന്റെ ആഹ്ലാദം അവരുടെ മുഖത്ത് തെളിഞ്ഞാകാണാം. ദൈവം പാവപ്പെട്ടവന്റെ ചെറ്റക്കുടിലിൽ ആദ്യമായി കടന്നുവന്നുവെന്ന് അവർ പറയാതെ പറഞ്ഞുവെയ്ക്കും. സുഖമാണോ എന്ന് അവരുടെ തലയിൽ തലോടി ചോദിക്കുമ്പോൾ ആരും ഇന്നേവരെ ചോദിക്കാത്ത ചോദ്യത്തിന്റെ ഉത്തരം അവർ നിറഞ്ഞ പിഞ്ചിരിയിൽ ഒളിപ്പിച്ചുവയ്ക്കം. നമ്മോടുള്ള സ്നേഹം അതിന്റെ പാരമൃത്തിലെത്തുമ്പോൾ ഇല്ലായ്മയിൽ നിന്നവർ ഒരുമിച്ച് കൂടിയ ഭക്ഷണത്തിന്റെ ഒരംശം വക്കുപൊളിഞ്ഞ പാത്രത്തിൽ സ്നേഹം ചാലിച്ച് കരങ്ങളിൽ ചോറും ഡാൽ കറിയും പകർന്നുതരും. മുഖം ചുളിക്കാതെ, കറുപ്പിക്കാതെ, തിരിക്കാതെ അത് കഴിക്കുമ്പോൾ അതും സുവിശേഷ ഘോഷണമാണ്.

പ്രഘോഷിക്കപ്പെടുന്ന സുവിശേഷത്തെക്കാൾ ജീവിച്ചുകാണിച്ചുകൊടുക്കുന്ന സുവിശേഷമാണ് ഒരുപടി മുന്നിലെന്ന് ചിലപ്പോഴെങ്കിലും തോന്നാറുണ്ട്. ഉരുവിടുന്ന വാക്കുകൾ ചെയ്യുന്ന പ്രവൃത്തികൾ, അംഗവിക്ഷേപങ്ങൾ, മുഖഭാവ വ്യത്യാസങ്ങൾ, സദാസമയം ശ്രദ്ധിക്കുന്ന ഒരു സമൂഹം ചുറ്റിലുമുണ്ട്. ദൈവം ആരാണ്, എന്താണ്, എങ്ങനെയാണ്, ദൈവം എന്ത് സംസാരിക്കും എന്നുള്ള കാര്യങ്ങൾ സുവിശേഷം പറയുന്ന വ്യക്തിയെ നോക്കിയാണ് ഗ്രാമവാസികൾ മനസിലാക്കുന്നത്. ശാരീരിക വളർച്ചയും ബൗദ്ധിക വളർച്ചയും ഒരുമിച്ച് കൊണ്ടുപോകുവാൻ കുട്ടികൾക്കായുള്ള ട്യൂഷനും മുതിർന്നവർക്ക് ജോലി സംബന്ധമായുള്ള മാർഗോപദേശങ്ങളും വളരെ ഭംഗിയായി നടന്നുവരുന്നു.

ഒരു ദശകം പിന്നിടുമ്പോൾ ഭാരതത്തിന്റെ കോണുകളിൽ വരെ ഇന്ന് മലങ്കര കത്തോലിക്കാ മക്കളുണ്ട്. ഹിന്ദി, ഒഡിയ, പഞ്ചാബി, കോക്ക്ബറക്, തെലുങ്ക് ഭാഷകളിൽ പരി. കുർബാന ദൈനംദിനം അർപ്പിക്കപ്പെടുന്നു. ചങ്കുറപ്പോടെ, അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കാൻ ഉറക്കെ വിളിച്ചുപറയുന്നതിന് തോമാമാരെ ആവശ്യമുണ്ട്. ഗ്രാമഗ്രാമാന്തരം കയറിച്ചെന്ന് സകല പ്രതികൂലങ്ങളെയും തൃണവത്കരിച്ച് ക്രിസ്തുവാണ് ഏകരക്ഷകനെന്നും ക്രിസ്തുവിൽ മാത്രമേ രക്ഷയുള്ളൂ എന്ന് പ്രസംഗിക്കാൻ പുരോഹിതന്മാരെ ഇനിയും ആവശ്യമുണ്ട്. വിളവധികം വേലക്കാരോ ചുരുക്കം എന്ന ക്രിസ്തുമൊഴി ഇന്ന് ഫലം ചൂടി നിൽക്കുന്നു. വിളവധികം വേലക്കാരും അധികമാണിന്ന്. ഇതു വായിക്കുന്ന ഏറ്റവും സ്നേഹമുള്ള അച്ചാ, സിസ്റ്റർ, വിശ്വാസി ഞാനീ കുറിപ്പ് എഴുതുന്നത് സുവിശേഷത്തിനായി ദാഹിക്കുന്ന ഒരുപറ്റം ജനങ്ങളുടെ ഇടയിൽ നിന്നാണ്. ഞാൻ നിങ്ങളെല്ലാവരെയും സ്വാഗതം ചെയ്യുന്നു. ഈ ശരീരം മണ്ണോട് ചേരുന്നതിനുമുമ്പ് ഭാരതത്തിന്റെ പ്രാന്തപ്രദേശങ്ങളിലേയ്ക്ക് വരണം, ഈ ദൈവജനത്തെ കാണണം എന്നിട്ട് പറയം മക്കളേ ദൈവം നിങ്ങളെ സ്നേഹിക്കുന്നു.

www.malankaralibrary.com



( ...... 2-ാം പേജിൽ നിന്നും തുടർച്ച)

ഹേളനത്തിൽ, രോഗത്തിൽ, എന്തിനേറെ മരണത്തിൽ പോലും ഞാൻ കൂടെ നില്ക്കാം" എന്ന് ഇങ്ങോട്ടു പറയുന്ന ആരും ഇതുവരെ ഈ ലോകത്തിലുണ്ടായിട്ടില്ല. ആ കരുണയുടെയും കലവറയില്ലാത്ത സ്നേഹത്തിന്റെയും പേരാണ് സുവിശേഷത്തിലെ രക്ഷ.

ഒരു കാരണവശാലും നാം തെറ്റിധരിപ്പിക്കപ്പെടുവാൻ പാടില്ല. അവഹേളനത്തിന്റെയും ലജ്ജയുടെയും ദാരിദ്ര്യത്തിന്റെയും മദ്ധ്യത്തിൽ അവതരിച്ച് ക്രൂശിക്കപ്പെട്ടവന്റെ സുവിശേഷം ലൗകീകമഹത്വത്തിന്റെയും സമൃദ്ധിയുടെയും മാർഗ്ഗമായി മാത്രം അവതരിപ്പിക്കുന്ന നവശൈലിയല്ല നമ്മുടേത്. മറിച്ച്, വേദനിക്കുന്ന, നൊമ്പരപ്പെടുന്ന, എകാന്തനായിരിക്കുന്ന യേശുവിനെയാണ് നാം പരിചയപ്പെടുത്തേണ്ടത്. ക്രിസ്തുവിൽ, അതും ക്രൂശിതനായ യേശുവിൽ മാത്രം ഞാൻ അഭിമാനം കൊള്ളുന്നു (Gal 6:14) എന്ന് പറഞ്ഞ് യേശുവിനെ പരിചയപ്പെടുത്തിയ വി. പൗലോസിന്റെ മാതൃകയിലായിരിക്കണം സുവിശേഷസംഘാംഗങ്ങൾ യേശുവിനെ പരിചയപ്പെടുത്തേണ്ടത്. ക്രിസ്തു സഹിച്ച വേദനയും ഏകാന്തതയും അവഹേളനവും നിന്ദയും മറ്റും രക്ഷയുടെ ഭാഗമായി സ്വീകരിക്കാൻ മടിക്കാതെ നമുക്ക് യാഥാർത്ഥ്യ ബോധമുള്ളവരായിരിക്കാം. ദൈവം നമ്മുടെ മുന്നിലേയ്ക്കു വന്നപ്പോൾ എടുത്ത സാദൃശ്യം മാറ്റിമറിക്കുവാൻ നമ്മുക്ക് സാധിക്കുമോ? അല്ലെങ്കിൽ ക്രൂശിതനായി സ്വയം വെളിപ്പെടുത്തിയ ഈ ദൈവസാദൃശ്യത്തെ മാറ്റുവാൻ ആർക്കാണ് അവകാശം ലഭിച്ചത്? വിനയാന്വിതനും ദുർബലനുമായ ക്രൂശിതനായ ക്രിസ്തുവിന്റെ രൂപമല്ലേ ദൈവസ്നേഹത്തിന്റെയും കരുണയുടെയും നമുക്ക് മനസ്സിലാവുന്ന അടയാളം. കാൽമുട്ടിൽ നിന്നും രക്തമൊലിക്കുന്ന ക്രിസ്തുവിനെ നമുക്ക് എങ്ങനെ മറക്കാനാവും, മാറ്റുവാനാവും. അവൻ മഹത്വത്തിന്റെ അടയാളം മാത്രമല്ല. സ്നേഹത്താൽ മുറിവേറ്റ സഹനത്തിന്റെയും അടയാളമാണ് എന്ന് നാം ഈ ലോകത്തോടു പറയണം, ജീവിതം കൊണ്ട് അടയാളപ്പെടുത്തണം. അവിടെയാണ് നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ് (Mt. 5:16-17) എന്ന് യേശു പറഞ്ഞ വചനം സുവിശേഷസംഘാഗങ്ങളിലൂടെ അന്വർത്ഥമാകുന്നത്. ബലഹീനനും വേദനിക്കുന്നവനുമായ യേശുവിനെ മനസ്സിലാക്കുന്നതിലും അവതരിപ്പിക്കുന്നതിലും ഇന്നത്തെ ലോകം പരാജയപ്പെടുന്നിടത്താണ് സുവിശേഷസംഘാംഗങ്ങളൂടെ സ്ഥാനം. ക്രൂശിതനായ യേശുവിനെ അനേകർക്ക് സ്വന്തം ജീവിതം കൊണ്ട് പരിചയപ്പെടുത്തുവാൻ സന്മനസ്സുള്ള അനേകർ സുവിശേഷത്തിനായി കൈവയ്പ്പു സ്വീകരിച്ച് സമർപ്പണം നടത്തുന്നു. ഇതിന് എനിക്ക് സാധിക്കും എന്ന് വിശ്വസിക്കുന്ന നിങ്ങളുടെ ജീവിതത്തിൽ ആ അത്ഭുതം സംഭവിക്കും, സംഭവിച്ചു കൊണ്ടിരിക്കുന്നു.

സുഖലോലുപതയുടെ മാസ്മരിക ലോകം 'നിന്റെ ദൈവം എവിടെ?' എന്ന് ചോദിക്കുമ്പോൾ വിരുദ്ധതകളുടെയും വർദ്ധമാനമായ ആസക്തികളുടേയും മദ്ധ്യേ ജീവിക്കുന്ന മനസ്സുകൾക്കിടയിൽ ക്രൂശിൽ നഗ്നനാക്കപ്പെട്ട് മുറിവേറ്റു മരണമടഞ്ഞവനിൽ ഞങ്ങൾ അഭിമാനം കൊള്ളുന്നു എന്ന് പൗലോസ് ശ്ലീഹായെപ്പോലെ പറയുവാനുമാണ് ഈ സമർപ്പണം. ക്രൂശിന്റെ മുൻപാകെ കമഴ്ന്നു വീണ് 'അതിനാലെ ഞങ്ങൾക്ക് രക്ഷയുണ്ടായി' എന്ന് ഒരോ ദുഖവെള്ളിയിലും 'ഞങ്ങൾക്കു വേണ്ടി ക്രൂശിക്കപ്പെട്ടവനെ ഞങ്ങളോടു കരുണ തോന്നേണമേ' എന്ന് അനുദിനവും പ്രാർത്ഥിക്കുക മാത്രമല്ല ആ ക്രൂശിക്കപ്പെട്ടവനിലും മരണത്തെ ജയിച്ച് ഉത്ഥാനം ചെയ്തവനിലുമുള്ള സന്തോഷം പങ്കുവയ്ക്കുവാനുമുള്ള സമർപ്പണമാണിത്. ആദിമ ക്രൈസ്തവർ കണ്ടുമുട്ടുമ്പോൾ പരസ്പരം ആശംസിച്ചിരുന്നത് ഇപ്രകാരമാണ് 'കർത്താവ് ഉയിർത്തെഴുന്നേറ്റു ഹല്ലേലൂയ', അതിനു മറുപടിയായി അവൻ സത്യമായും ഉയിർത്തെഴുന്നേറ്റു ഹല്ലേലൂയ ! ഹല്ലേലൂയ!' അതുപോലെതന്നെ നമ്മുടെ വി. കുർബ്ബാന മധ്യേയുണ്ടായിരുന്ന പ്രാർത്ഥനകളിലെ ചില വാക്കുകൾ ഇപ്രകാരമായിരിന്നു. *ദിവ്യജ്ഞാനം ഉൽഘോഷിക്കപ്പെടുന്നു* എന്നതിനു പകരം *അട്ടഹസിക്കപ്പെടുന്നു* എന്നും തിരുശരീരരക്തങ്ങൾ ആഘോഷമായി ഉയർത്തപ്പെടുമ്പോൾ ആമ്മേൻ എന്നതിനു പകരം ഉത്തരോത്തരമായ വിശ്വാസത്താൽ ദൈവജനം *അമ്മാനാമ്മേൻ (സത്യം സത്യമായി),* എന്നു ഉത്ഘോഷിച്ച് ആന്തരീകമായ ആഹ്ളാദം എറ്റുപറയുമായിരുന്നു. കാരണം കർത്താവിന്റെ മരണോത്ഥാന രഹസ്യങ്ങൾ ആദിമ ക്രിസ്ത്യാനികൾക്ക് അത്രമേൽ പ്രധാനപ്പെട്ടതായിരുന്നു. അറിയിപ്പുകാരുടെ ആഹ്ളാദം അവിടെയാണ് നാം കാണുക.



അപ്പസ്തോലൻമാർ മുതൽ ഇന്നോളം ഇക്കാര്യം പറഞ്ഞത് അനേകരിൽ എത്തിയിട്ടില്ല, അനേകർ കേട്ടില്ല, അനേർ വിശ്വസിച്ചിട്ടില്ല. അതിനായി ഇക്കാലഘട്ടത്തിൽ സഭ നിങ്ങളെ അയക്കുകയാണ്. സുവിശേഷസംഘാംഗങ്ങൾ അതിനു മനസ്സുകാണിക്കുന്നു എന്നത് സഭയക്ക് ആനന്ദമാണ്, അഭിമാനമാണ്. എന്റെ അറിവിൽ മറ്റൊരു സഭയിലും കാണാത്ത വിധം ദൈവജനത്തെ ഇത്ര നീണ്ട പരിശീലനം നല്കി സുവിശേഷ ജീവിതത്തിനും ശുശ്രൂഷയ്ക്കുമായി ഔദ്യോഗികമായി അയക്കുന്ന ഈ സംരംഭം പുതുമയാർന്നതാണ്. മറ്റു സഭാ സമൂഹങ്ങൾ നമ്മിൽ നിന്നും ഇത് പരിചയപ്പെടുവാനും പഠിക്കുവാനും ശ്രമിക്കുന്നു.

### അറിയിപ്പുകാരും സുവിശേഷത്തിന്റെ ആനന്ദവും

നമ്മുടെ കർത്താവ് സ്വർഗ്ഗത്തിന്റെ പദ്ധതികൾ അറിയിക്കുന്നതിന് വിവിധങ്ങളായ രീതികൾ അവലംബിക്കുന്നു, വിവിധ കാലഘട്ടങ്ങളിൽ വിവിധ ആളുകളിലൂടെ വിവിധ രീതികളിൽ നമ്മോട് ദൈവം സംസാരിക്കുന്നു എന്ന് ഹെബ്രായ ലേഖനത്തിൽ നാം വായിക്കുന്നു (Heb. 1:1). അവസാന കാലഘട്ടത്തിൽ ദൈവം തന്റെ ഏകജാതനിലൂടെ വിവിധ രീതികളിൽ സംസാരിച്ചതിന്റെ ബാക്കിഭാഗം സംസാരിക്കുന്നതിന് അവിടെ കുറെ അവശേഷിപ്പിച്ചു എന്നതിലല്ല, മറിച്ച്, തുടർച്ചയായി അതു നടക്കുന്നതിനും ആ സംസാരം യേശു ഇനി വരുന്നതുവരെ ആവർത്തിക്കപ്പെടുന്നതിനും തിരുസഭയിൽ തന്റെ സാക്ഷ്യവും സാന്നിധ്യവും ഉറപ്പാക്കുന്നതിനും അവിടുന്നു തന്നെ ക്രമീകരണങ്ങൾ നടത്തുന്നു എന്നതിലുമാണ് പുർണ്ണമാകുന്നത്. 12 അപ്പസ്തോലൻമാർക്ക് പിന്നാലെയായി സഭയിലെ ശുശ്രൂഷകളെ സഹായിക്കുന്നതിനായി 72 പേരെ അയയ്ക്കുന്നത് വി. ലൂക്കായുടെ സുവിശേഷം 10:1-12 ൽ നാം വായിക്കുന്നു. അയയ്ക്കപ്പെട്ടവർ തിരിച്ചു വന്ന് അറിയിച്ചു. പിശാചുക്കൾ ഞങ്ങൾക്ക് കീഴ്പ്പെടുന്നത് ഞങ്ങൾ കണ്ടു. ഗുരോ, ഞങ്ങൾ കണ്ട കാഴ്ച അവിശ്വനീയമാണ്, അവർണ്ണനീയമാണ്, ഞങ്ങളുടെ കണ്ണുകൾക്ക് ആ കാഴ്ച കാണുന്നതിന് ഭാഗ്യമുണ്ടായി. സാത്താൻ അതിവേഗത്തിൽ ഞങ്ങളുടെ മുൻപിൽ നിപതിക്കുന്നതു കണ്ടു. കർത്താവ് അവരെ സ്ഥിതീകരിക്കുന്നത് ആ കാഴ്ചയെക്കുറിച്ച് വിവരിച്ചല്ല, മറിച്ച്, യേശു പഠിപ്പിച്ചു നിങ്ങളുടെ സന്തോഷം വർദ്ധമാനമാകുന്നത് ഈ കാഴ്ചക്കപ്പുറമുള്ള ഒരു കാഴ്ച ഉള്ളതുകൊണ്ടാണ്. 72 പേരോടുള്ള യേശുവിന്റെ ഈ പ്രതികരണം നമ്മുടെ ശ്രദ്ധയിൽ എന്നും ഉണ്ടാകണം. യേശു പറഞ്ഞതിന്റെ പൊരുൾ നിങ്ങളുടെ സന്തോഷം അതിന്റെയും മുകളിൽ സ്വർഗ്ഗത്തിൽ നിങ്ങളുടെ പേരുകൾ എഴുതപ്പെട്ടിരിക്കുന്നു എന്നതിലായിരിക്കട്ടെ എന്നാണ്. നിങ്ങളുടെ ഹൃദയം സന്തോഷിക്കേണ്ടത് ഈ ഒരു കാര്യത്തിലാണ്. നിങ്ങളുടെ പേര് എഴുതപ്പെട്ടിരിക്കുന്നു എന്നതിൽ മാത്രമാണ്.

രണ്ടാമത്തെ പ്രാധാനപ്പെട്ട കാര്യം, അറിയിപ്പുകാർ അറിയിക്കേണ്ടുന്ന കാര്യം പഠിപ്പിച്ചു കൂടി നല്കി എന്നതാണ്. അത് ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ സമാധാനമാണ്, ദൈവരാജ്യമാണ്. അതായത്, ഇതാ, ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അത് നിന്റെ കൈയ്യെത്തുന്ന ദൂരത്തിലല്ല, മറിച്ച്, നിന്റെ ഉള്ളിൽ, ഭവനത്തിൽ, ഇമ്മാനുവേലായി വന്നിരിക്കുന്നു, ഞങ്ങൾ അവനെ സാക്ഷ്യപ്പെടുത്തുന്നു. ലോകത്തെ അമ്പരിപ്പിക്കുന്ന അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതിലോ മാന്ത്രികവിദ്യ നടത്തുന്നതിലോ അത്ഭുതസൗഖ്യം നല്കുന്നക്കുന്നതിലോ അല്ല, മറിച്ച്, അറിയിപ്പു കാരായിരിക്കുന്നതിലായിരിക്കണം ശ്രദ്ധ എന്ന് കർത്താവ് പറയുന്നു.

മുന്നാമത്തെ പ്രാധാനപ്പെട്ട കാര്യം, നിങ്ങൾക്ക് നിശ്ചയിക്കപ്പെടുന്ന സ്ഥലങ്ങളിൽ പോകുക എന്നതാണ്. ഇവിടെ ഒരു വാക്കു പ്രധാനമാണ് 'നിങ്ങൾ വീടുകൾ തോറും ചുറ്റിനടക്കരുത്' കാരണം, ലക്ഷ്യമില്ലാതെ അലഞ്ഞുതിരിഞ്ഞു നടക്കുന്ന കാര്യമല്ല, സുവിശേഷം അറിയിക്കുന്ന നിയോഗം. മറിച്ച്. സുനിശ്ചിതമായ ഒരു പദ്ധതിയുടെ ഭാഗമാണ്. ഒരു വ്യക്തിയിൽ നിന്നും മറ്റൊരാളിലേക്കും ഒരു ഗ്രാമത്തിൽ നിന്നു മറ്റൊന്നിലേയ്ക്കും പോവുകയും അറിയിച്ചുകൊണ്ടിരിക്കുകയും ചെയ്യേണ്ട നിയോഗമാണ്. കർത്താവ് പറഞ്ഞതിൽ നിന്നും വ്യത്യസ്തമായി വിരുദ്ധമായി ഒന്നും പറയുവാനോ ചെയ്യുവാനോ അവകാശമില്ല.


കർത്താവ് സംസാരിച്ചതും അറിയിച്ചതും പിന്നീട് അറിയിപ്പുകാർ സ്വീകരിച്ചതുമായ ഒരു സന്തോഷകരമായ അനുഭവത്തിന്റെ വിവരണം സുവിശേഷമായി ഇവിടെ 2000 വർഷങ്ങൾക്കുശേഷം ആവർത്തിച്ചു കേൾക്കുമ്പോഴും സ്വീകരിക്കുമ്പോഴും അറിയിപ്പുകാരുടെ പുതിയ ഗണങ്ങൾ നിയോഗം ഏറ്റുവാങ്ങുകയാണ്. 2012 മുതൽ 2023 വരെ മെത്രാൻമാരും, വൈദികരും സന്യസ്തരും കുടുംബസ്ഥരും, അടങ്ങിയ 1222 വ്യക്തികൾ വിശ്വാസത്തോടും ബോധ്യത്തോടും കുടി മുന്നോട്ടു വന്ന് കർത്താവിന് സാക്ഷികളായി മാത്രം ജീവിക്കുവാനുള്ള സമർപ്പണം നിയോഗമായി സ്വീകരിച്ചു. ഈ സാഹചര്യത്തിൽ പ്രധാനമായ കാര്യങ്ങൾ പരിശുദ്ധ സഭ നിങ്ങളെ പ്രത്യേകം ഓർമ്മിപ്പിക്കുകയാണ്.

കർത്താവിന്റെ അരുമശിഷ്യനായ മാർ തോമാശ്ലീഹാ സ്ഥാപിച്ച അവിഭക്തമായ മലങ്കര സഭ അതിന്റെ അപ്പസ്തോലിക പൈതൃകമായി ഏറ്റുവാങ്ങിയതും പരിപോഷിപ്പിച്ചതുമായ സഭയുടെ ആദ്ധ്യാത്മികതയും ആരാധനാരീതികളും അതിന്റെ മൗലീകമായ ഭാവത്തിലും, രൂപത്തിലും ഹൃദയത്തിൽ ഏറ്റുവാങ്ങി ശ്രദ്ധയോടെ ജീവിക്കുക. ഈ സഭയുടെ പൈതൃക സംരക്ഷണത്തിന് അനുഷ്ഠാനപരമായും ഭക്തിപരമായും പ്രോത്സാഹിപ്പിക്കുവാൻ നിർദ്ദേശിച്ചിരിക്കുന്നതുമായ സകലതും അറിയിപ്പുകാർ എന്ന നിലയിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സംരക്ഷണത്തിനായി സ്വീകരിക്കുക. സ്വഭാവത്താലെ പ്രേഷിതയും അയ്ക്കപ്പെട്ടവളും എന്ന നിലയിൽ സഭയുടെ പരമപ്രധാനമായ ധർമ്മം സുവിശേഷം ജീവിക്കുകയും, പ്രേഷിത പ്രവർത്തനത്തിൽ പങ്കാളികളാവുകയും ചെയ്യുക എന്നതാണ്. സഭയുടെ പൈതൃകം സംരക്ഷിക്കപ്പെടേണ്ടത് കാഴ്ചബംഗ്ളാവ് സൂക്ഷിക്കുന്നതിന് തുല്യമായല്ല. അതായത്, കുറെ പഴയ സാധനങ്ങൾ ഇടയ്ക്കിടെ പൊടിതട്ടി കളഞ്ഞ് നഷ്ടപ്പെടാതെ സൂക്ഷിക്കുന്നതു പോലെ. മറിച്ച്, അനുദിനം നമ്മുടെ ഭവനങ്ങളിൽ, ദൈവാലയങ്ങളിൽ അവ ആഘോഷിക്കുന്നതു വഴിയാണ്. അത് വെറും പാരമ്പര്യവാദവുമല്ല, ഭൗതീകവാദവുമല്ല. പ്രത്യുത പരിശുദ്ധാത്മാവ് ചിറകടിച്ച് ഇറങ്ങിവരുന്നതിനാൽ നമുക്ക് നല്കപ്പെടുന്ന പരിശുദ്ധ കൂദാശകളോടും പരി. അമ്മയോടും സഭാപിതാക്കൻമാരിലൂടെ കൈമാറിയ വിശ്വാസ സത്യങ്ങളോടും പാരമ്പ്യങ്ങളോടും ചേർന്ന് ജീവിക്കുന്ന അനുഭവമാണ്. ക്രൂശിക്കപ്പെട്ടവൻ ദുർബലനെന്ന് ആവർത്തിച്ചു കൊണ്ടിരിക്കുന്ന ലോകത്തിന്റെ മുന്നിൽ ഈ ക്രൂശി

*(തുടർച്ച 8-ാം പേജിൽ)*

www.malankaralibrary.com





മുഖമൊഴി

# കേൾവിയിൽനിന്നും ഉളവാകുന്ന വിശ്വാസം

**ഡോ. എബ്രഹാം ജോർജ്ജ്**
*സുവിശേഷസംഘാംഗം*
*തിരുവനന്തപുരം മേജർ അതിഭദ്രാസനം*

''എന്നാൽ തങ്ങൾ വിശ്വസിച്ചിട്ടില്ലാത്ത ഒരുവനെ അവർ എങ്ങനെ വിളിച്ചപേക്ഷിക്കും? ഒരിക്കലും കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗകനില്ലാതെ എങ്ങനെ കേൾക്കും?' (റോമ 10:14).

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സുവിശേഷസംഘം അതിന്റെ വളർച്ചയിൽ ഒരു പ്രധാന ഘട്ടം പിന്നിടുമ്പോൾ പുതിയ മേഖലകളിലേക്ക് അതിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കേണ്ടത് കാലഘട്ടം നമ്മിൽ നിന്നും ആവശ്യപ്പെടുന്ന ഒരു സുപ്രധാന കാര്യമാണ്. അതിൽ ഏറ്റവും കൂടുതൽ പരിഗണന അർഹിക്കുന്നത് മിഷൻ പ്രവർത്തനം തന്നെയാണ്. സ്വയം വിശുദ്ധികരണത്തിന്റെ പടവുകൾ കയറുമ്പോൾ ആത്മാവ് നൽകുന്ന ചോദനകൾക്കനുസരിച്ചു പ്രവർത്തിക്കാനുള്ള ഉൾപ്രേരണ നമുക്ക് ലഭിക്കും. ആത്മാവ് നയിക്കുന്ന മേഖലകളിലേക്ക് കർമ്മനിരതരാവുക, മാർ ഇവാനിയോസ് പിതാവ് വിഭാവനം ചെയ്ത ഭാരതത്തിന്റെ സുവിശേഷവൽക്കരണം സുവിശേഷസംഘാംഗങ്ങളുടെ ഉത്തരവാദിത്തവും, വെല്ലുവിളിയുമായി മാറുന്നു.

സുവിശേഷത്തിന്റെ രക്ഷാകര ശക്തി എല്ലാവരും അനുഭവിച്ചറിഞ്ഞിട്ടുള്ളതാണ്. അതിൽ ആർക്കും ലവലേശം സംശയവും ഇല്ല. എന്നാൽ സുവിശേഷം പറയേണ്ടത് എങ്ങിനെയാണെന്നുള്ള ധാരണക്കുറവ് പലർക്കും ഉണ്ട്. ഒരുവൻ സുവിശേഷത്തിന്റെ ശക്തിയിൽ ആശ്രയിച്ചുകഴിയുമ്പോൾ പത്രോസിനെ ഏല്പിച്ച ജോലി അവരുടേയും ജോലിയായി മാറുന്നു. 'എന്നെ അനുഗമിക്കുക; ഞാൻ നിങ്ങളെ മനുഷ്യരെപിടിക്കുന്നവരാക്കും.' (മത്താ. 4:19), മത്സ്യത്തിന്റെ ആധിക്യത്തെപ്പറ്റിയും വല വീശുന്നതിന്റെ ആവശ്യകതെപ്പറ്റിയും എല്ലാവർക്കും ബോധ്യമുണ്ട്. എന്നാൽ ആരെങ്കിലും വല വീശട്ടെ, ഞാൻ പ്രോത്സാഹിപ്പിക്കാം, എനിക്ക് വല വീശാൻ അറിഞ്ഞുകൂടാ, എന്ന മനോഭാവമാണ് പലർക്കും. എന്നാൽ മൽസ്യബന്ധനം പോലെതന്നെ, സുവിശേഷപ്രവർത്തനവും സംഘടിതമായി ചെയ്യേണ്ട ഒരു കാര്യമാണ്. ഒറ്റയ്ക്ക് മീൻ പിടിക്കുന്നവർ അല്പം പിടിക്കുമ്പോൾ കൂട്ടായി മീൻ പിടിക്കുന്നവർ ധാരാളം ശേഖരിക്കുന്നു. അതുകൊണ്ട് സുവിശേഷാസംഘാംഗങ്ങൾ കൂട്ടായ സുവിശേഷപ്രവർത്തനങ്ങൾക്ക് തയ്യാറാകണം.

'ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാൽമാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.' (മത്താ 28:19,20), എക്കാലത്തും എല്ലാ ക്രിസ്ത്യാനികൾക്കും യേശു നൽകുന്ന കല്പനയാണിത്. യേശുവിൽ അടിയുറച്ചു വിശ്വസിക്കുന്ന ഓരോ ക്രൈസ്തവനും, ഓരോ കത്തോലിക്കനും, ഓരോ മലങ്കര സുറിയാനി കത്തോലിക്കനും, വിശിഷ്യാ ഓരോ സുവിശേഷ സംഘാംഗത്തിനും ഉള്ള നിത്യമായ നിർദ്ദേശവും കല്പനയും ആണ്. ഇത് പാലിക്കാൻ നാം കടപ്പെട്ടിരിക്കുന്നു, നമ്മുടെ ജീവിതാന്തസ്സ് നമ്മെ നിർബന്ധിക്കുന്നു.

നമ്മുടെ ജീവിതം കൊണ്ടും, പ്രവർത്തികൊണ്ടും, പ്രസംഗങ്ങൾ കൊണ്ടും സുവിശേഷം പ്രഘോഷിക്കുമ്പോൾ സാഹചര്യങ്ങളേപ്പറ്റി ശരിയായ ബോധ്യം ഉണ്ടായിരിക്കണം. പ്രത്യേകിച്ചും ഭാരതംപോലെ വൈവിദ്ധ്യങ്ങളും, സങ്കീർണതകളും നിറഞ്ഞ സമൂഹത്തിൽ. പരമ്പരാഗതമായ വിശ്വാസങ്ങളും, ആചാരങ്ങളും, സാമൂഹ്യഘടനകളും ഉള്ള ഒരു സമൂഹത്തിൽ പ്രവർത്തിക്കുമ്പോൾ ഓരോ സ്ഥലത്തേയും പ്രത്യേകതകളേപ്പറ്റി മനസ്സിലാക്കിയിരിക്കണം. അതിനനുസരിച്ചുള്ള പ്രായോഗികസമീപനങ്ങൾ സ്വീകരിക്കണം. 'ക്രിസ്തുവിനെ കർത്താവായി നിങ്ങളുടെ ഹൃദയത്തിൽ പൂജിക്കുവിൻ. നിങ്ങൾക്കുള്ള പ്രത്യാശയെപ്പറ്റി വിശദീകരണം ആവശ്യപ്പെടുന്ന ഏവരോടും മറുപടി പറയാൻ സദാ സന്നദ്ധരായിരിക്കുവിൻ. എന്നാൽ, അത് ശാന്തതയോടും ബഹുമാനത്തോടും കൂടെ ആയിരിക്കട്ടെ. നിങ്ങളുടെ മനഃസാക്ഷിയെ നിർമലമായി സൂക്ഷിക്കുവിൻ. ക്രിസ്തുവിലുള്ള നിങ്ങളുടെ നല്ല പെരുമാറ്റത്തെ ദുഷിച്ചു പറയുന്നവർ അങ്ങനെ ലജ്ജിതരായിത്തീരും'. (1 പത്രോ. 3: 15,16).

'ആകയാൽ വിശ്വാസം കേൾവിയിൽനിന്നും കേൾവി ക്രിസ്തുവിനെപ്പറ്റിയുള്ള പ്രസംഗത്തിൽ നിന്നുമാണ് ' (റോമ, 10:17). ആകയാൽ യേശു നമുക്ക് നൽകിയ കല്പന പാലിക്കാം, മാർ ഇവാനിയോസ് പിതാവിന്റെ സ്വപ്നം സാക്ഷാത്കരിക്കാം, നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്തം നിറവേറ്റാം.



ധ്യാനചിന്ത

# എമ്മാവൂസിലേക്ക് പോയ ശിഷ്യന്റെ ഇമ്മാനുവേൽ അനുഭവം

**ഫാ. തോമസ് കുഴിനാപ്പുറം**
*ഡയറക്ടർ, പുത്തൂർ ഭദ്രാസനം*

“അതിനാൽ കർത്താവ് തന്നെ നിനക്ക് അടയാളം തരും. യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും അവൻ ഇമ്മാനുവേൽ എന്ന് വിളിക്കപ്പെടും” (ഏശ. 7:14) നമ്മുടെ ദൈവവും കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിന്റെ മനുഷ്യാവതാരസംഭവത്തെ വളരെ പ്രത്യേകമായി അനുസ്മരിക്കുകയും ആ രക്ഷാകര സംഭവത്തിന്റെ അനുഭവം സ്വന്തമാക്കുവാൻ പരിശ്രമിക്കുകയും ചെയ്യുന്ന ഈ കാലയളവിൽ സുവിശേഷ സംഘത്തിലെ ഒരു അംഗമെന്ന നിലയിൽ ഒരു ധ്യാനചിന്ത പങ്കുവയ്ക്കുവാൻ ആഗ്രഹിക്കുന്നു. ജെറുസലേമിലേക്കുള്ള സുവിശേഷ സംഘത്തിന്റെ യാത്രയിൽ എമ്മാവൂസിൽ നിന്നുമുള്ള ഒരു കുടുംബത്തിലെ രണ്ടുപേർ ഉണ്ടായിരുന്നു. അവരിൽ ഒരാളുടെ പേര് ക്ലയോപാസ് എന്നായിരുന്നു. അയാളുടെ കൂടെ ഉണ്ടായിരുന്ന മറ്റേ ആൾ അയാളുടെ ഭാര്യയോ മകനോ ആയിരിക്കാം എന്നാണ് ബൈബിൾ പണ്ഡിതർ പറയുന്നത്. കർത്താവിന്റെ കുരിശിനരികെ പരിശുദ്ധ അമ്മയോടൊപ്പം നിലയുറപ്പിച്ച ഒരു മറിയത്തിന്റെ ഭർത്താവ് ക്ലയോപാസ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ രണ്ടു പേരുകളുടെയും സാദൃശ്യത്തിൽ ഇത് ഒരാൾ തന്നെയാണെന്നും അയാൾ തിരുകുടുംബത്തിലെ വി. യൗസേപ്പ് പിതാവിന്റെ സഹോദരനാണെന്നൊക്കെ പണ്ഡിതർ അവകാശപ്പെടുന്നുണ്ട്. എന്തായാലും എമ്മാവൂസിലേക്ക് യാത്ര ചെയ്യുന്നവർ ജെറുസലേമിലെ പീഡാനുഭവത്തിന് ശേഷം സ്വദേശമായ എമ്മാവൂസിലേക്ക് തിരികെ യാത്ര ചെയ്യുന്നവരാണെന്ന് പണ്ഡിത മതം. അവർ യേശുവിന്റെ ഏറ്റവും അടുത്ത ആളുകൾ തന്നെയാണ്.

തന്നെ സ്നേഹിക്കുന്നവർ തന്നിൽ ആയിരിക്കണമെന്ന് (യോഹ. 14:20) ആഗ്രഹിക്കുന്ന കർത്താവ് അവരോടൊപ്പം യാത്ര ചെയ്തു. ജെറുസലേം സംഭവങ്ങൾ ദൈവിക പദ്ധതി പ്രകാരം ആയിരുന്നുവെങ്കിലും അത് ഗ്രഹിക്കാതിരുന്നതിനാൽ അത് അവർക്ക് അന്ധകാരമായും പരാജയമായും അനുഭവപ്പെട്ടു. നട്ടുച്ചയ്ക്ക് പെട്ടെന്ന് കൂരിരുട്ടുണ്ടാകുന്നതുപോലെ തങ്ങളുടെ എല്ലാ പ്രതീക്ഷകളും തകർക്കപ്പെട്ട അവസ്ഥയിൽ കടുത്ത ദുഃഖവും നിരാശയും അവരുടെ ഹൃദയം കഠിനവും എല്ലാ ഉത്സാഹവും നഷ്ടപ്പെട്ട അവസ്ഥയും ഉളവാക്കി. അവരുടെ മുഖം ഹൃദയഭാരത്തിന്റെ ഭാവഭേദങ്ങൾ പ്രകടമാക്കുന്നുണ്ടായിരുന്നു.

എന്നാൽ, അപ്പോഴും ജെറുസലേമിലായിരുന്ന സുവിശേഷ സംഘത്തെ പലവിധത്തിലും ശക്തിപ്പെടുത്തി കൊണ്ടിരുന്ന അവതീർണമായ വചനമായ യേശു അവരോട് ചേർന്നു നടക്കാൻ തുടങ്ങി. അതെ ഇവിടെയാണ് ഒരു സുവിശേഷ സംഘാംഗം എന്ന നിലയിൽ എന്റെ കർമ്മമണ്ഡലം ഞാൻ തിരിച്ചറിയേണ്ടത്. യേശുവിനെ ഇന്നത്തെ ഈ മണിക്കൂറിൽ തങ്ങളുടെ മർത്യ ശരീരത്തിലൂടെ സന്നിഹിതമാക്കണം. വിശുദ്ധ ജീവിതം (ക്രിസ്തുവിനെ ധരിച്ച്) മറ്റൊരു ക്രിസ്തുവായി തന്റെ ചുറ്റുപാടുമുള്ളവർക്ക് നന്മ ചെയ്ത് കടന്നുപോകാനുള്ള വിളിയാണ് ഓരോ സുവിശേഷ സംഘാംഗത്തിനും ഉള്ളത്. സഹയാത്രികളുടെ മ്ലാനമായ മുഖഭാവത്തിന്റെ (ചിലർ ഹൃദയവേദന മുഖത്ത് പ്രകടിപ്പിക്കാതിരിക്കാൻ ശ്രമിക്കുന്നവരാണ്) കാരണമറിയാൻ അവരുടെ അടുത്തേക്ക് നീങ്ങി നടന്ന്..... അവരോടൊപ്പം..... നടക്കുന്നവരായി തീർന്നു..... അവരുടെ അധരങ്ങളിൽ നിന്നും അടർന്നുവീഴുന്ന വാക്കുകളുടെ പങ്കെടുക്കുവാൻ ശ്രമിക്കുമ്പോൾ അവരുടെ വിഷയങ്ങളുടെ തീവ്രത മനസ്സിലാക്കുവാനും അത് ശ്രദ്ധാപൂർവ്വം കേൾക്കാനും മനസ്സ് വയ്ക്കുമ്പോൾ സുവിശേഷപ്രഘോഷത്തിന് ഉള്ള പ്രാരംഭമായി. തുടർന്ന് ഒരു സുവിശേഷ സംഘഅംഗമാണ് ഞാൻ എന്ന എന്റെ ആത്മാവബോധം മൂലം ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ പദ്ധതി അനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നു (റോമ 8:28)എന്ന മുൻ അറിവോടെ അവരുടെ വിഷയത്തെയും ഞാൻ പരിഗണിക്കുവാൻ മനസ്സ് വയ്ക്കുന്നു.

ദൈവവചനം ഗ്രഹിക്കുവാൻ (പരിശുദ്ധ അമ്മയെപ്പോലെ) ഒരിക്കലും മനസ്സ് വെച്ചിട്ടില്ലാത്ത അവർ തങ്ങളുടെ ജീവിത പ്രശ്നത്തിന് പരിഹാരം ആകുന്ന ദൈവവചനത്തിന്റെ അഭാവത്താൽ ഇരുളിൽ ആണെന്ന് ഞാൻ മനസ്സിലാക്കി. ഒരു സുവിശേഷസംഘാംഗമായ ഞാൻ നിരന്തരം ജ്വലിക്കുന്നതും പ്രകാശിക്കുന്നതും തിരുവചനത്താലാകയാൽ അവർക്ക് ഞാൻ ദൈവവചനം പകർന്നു നൽകുന്നു. ഞാൻ പഠിച്ചതും ഗ്രഹിച്ചതുമായ ദൈവവചനങ്ങൾ അവരുമായി പങ്കുവയ്ക്കുകയും അവരുടെ വിഷയത്തെ ദൈവവചനത്താൽ വ്യാഖ്യാനിച്ച് മനസ്സിലാക്കാൻ സഹായിക്കുകയും ചെയ്യുന്നു. അങ്ങനെ സകലത്തെയും ജ്വലിപ്പിക്കുന്ന അഗ്നിയായ ദൈവവചനം ഞാൻ അവരിലേക്ക് പകർന്ന് അവരുടെ ഹൃദയത്തെയും ജ്വലിപ്പിക്കുന്നു.

ഒരു അപരിചിതനും വഴിയാത്രക്കാരനുമായ എന്നെ അവർ അവരോടൊപ്പം വസിക്കാനായി തങ്ങൾക്ക് എത്തേണ്ട ഗ്രാമം അടുത്തെത്തിയിട്ടും ഒരു താൽക്കാലിക വസതിയിലേക്ക് ക്ഷണിക്കുന്നു. ഇന്ന് ഒരു ദിവസം നീ ഞങ്ങളോടൊപ്പം വസിക്കുക എന്ന അവരുടെ ആവശ്യം അവർക്ക് ഉണ്ടായത് ഞാൻ അവർക്ക് ദൈവവചനം പകർന്നു നൽകിയതിനാൽ ഉണ്ടായ ജ്വലനം മൂലം ആണെന്ന് ഞാൻ മനസ്സിലാക്കി. ഞാൻ അന്ന് അവരോടൊപ്പം താമസിക്കാനായി ആ താൽക്കാലിക വസതിയിൽ കയറി. അപ്പോഴും അവരുടെ ഹൃദയം ജ്വലിക്കുന്നത് എനിക്കറിയാമായിരുന്നു. കാരണം അത് അവരുടെ മുഖത്തെയും ശോഭാമയമാക്കി, അവരുടെ മ്ലാനത നീങ്ങിയിരുന്നു. ഹൃദയത്തിന്റെ ജ്വലനം

*(തുടർച്ച 11-ാം പേജിൽ)*

www.malankaralibrary.com



# മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം വാർത്തകൾ

## സഭാതല വാർത്തകൾ

### പുനരൈക്യ വാർഷികം, സുവിശേഷ സയാഹ്നം

മുവാറ്റുപുഴ ഭദ്രാസനത്തിൽ വച്ച് നടന്ന മലങ്കര കത്തോലിക്കാ സഭയുടെ 92-ാമത് പുനരൈക്യവാർഷികത്തിൽ അനേക സുവിശേഷസംഘാംഗങ്ങൾ പങ്കെടുത്ത് അനുഗ്രഹം പ്രാപിച്ചു. സെപ്റ്റംബർ 21-ാം തീയതി നടന്ന സുവിശേഷ സായാഹ്നത്തിൽ മലങ്കരസഭയുടെ പിതാവും തലവനുമായ മോറാൻ മോർ ബസേലിയോസ് ക്ലീമ്മീസ് കാതോലിക്കാ ബാവായും അഭിവന്ദ്യ പിതാക്കൻമാരും, വൈദികരും സന്യസ്തരും സുവിശേഷസംഘാംഗങ്ങളും പങ്കെടുത്തു. സുവിശേഷസംഘം എക്സിക്ക്യൂട്ടിവ് സെക്രട്ടറി ബഹു. ഫാ. ബനഡിക്ട് മൂഴിക്കര ഒ.ഐ.സി ബഹു. സി. ഡോ. മേരി പ്രസാദ് ഡി.എം, മൂവാറ്റുപുഴ ഭദ്രാസന സുവിശേഷസംഘം ഡിറക്ടർ ബഹു. ഫാ. കുര്യക്കോസ് കുടിലിൽ, മുവാറ്റുപുഴ ഭദ്രാസനത്തിലെ സുവിശേഷസംഘാംഗങ്ങൾ എന്നിവർ നേതൃത്വം നല്കി.

### സഭാതലം - പരിശീലനം, കൈവയ്പ്പ് ശുശ്രൂഷ

സഭാതല സുവിശേഷസംഘം എട്ടാം ബാച്ചിലെ 53 പേർക്കുള്ള പരിശീലനവും കൈവയ്പ്പു ശുശ്രൂഷയും 2023 നവംബർ മാസം 18-ാം തിയതി മലങ്കരസഭയുടെ പിതാവും തലവനുമായ മോറാൻ മോർ ബസേലിയോസ് ക്ലീമ്മീസ് കാതോലിക്കാ ബാവായുടെയും, തിരുവനന്തപുരം മേജർ അതിഭദ്രാസന സഹായമെത്രാൻ അഭിവന്ദ്യ മാത്യൂസ് മാർ പോളിക്കാർപ്പസ് എപ്പിസ്കോപ്പായുടേയും, സുവിശേഷസംഘം ചെയർമാൻ അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് എപ്പിസ്ക്കോപ്പായുടേയും കാർമ്മികത്വത്തിൽ പട്ടം കത്തീഡ്രൽ ദേവാലയത്തിൽ വച്ച് വളരെ ആഘോഷമായി നടത്തപ്പെട്ടു. മേജർ അതിഭദ്രാസന വികാരി ജനറൽമാരായ വന്ദ്യ വർക്കി ആറ്റുപുറത്ത് കോർ എപ്പിസ്ക്കോപ്പാ, പെരിയ ബഹു. ഫാ. തോമസ്സ് കയ്യാലയ്ക്കൽ, കത്തീഡ്രൽ വികാരി ബഹു. ഫാ. ജോർജ്ജ് തോമസ്സ്, സഹവികാരി ഫാ. സാം, കൈവയ്പ്പു സ്വീകരിച്ച സുവിശേഷസംഘാംഗങ്ങളുടെ ഇടവക വികാരിമാർ, സിസ്റ്റേഴ്സ്, കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ- ഇടവകാംഗങ്ങൾ, തുടങ്ങി അനേകർ നേരിട്ടും ഓൺലൈൻ വഴിയും കൈവയ്പ്പു ശുശ്രൂഷയിൽ പങ്കെടുത്തു. സുവിശേഷസംഘം സഭയുടെ അനുഗ്രഹമാണ് എന്നും അവർ 72 അറിയിപ്പുകാരുടെ പ്രതിനിധികളാണ് എന്നും മോറാൻ മോർ ബസേലിയോസ് ക്ലീമ്മീസ് കാതോലിക്കാ ബാവാ സന്ദേശത്തിൽ അനുസ്മരിച്ചു.

### മിഷൻ പരിശീലനം

മലങ്കര കത്തോലിക്കാ സഭയിലെ സിനഡൽ കമ്മീഷൻ ഫോർ ഇവാഞ്ചലൈസേഷന്റെ നേതൃത്വത്തിൽ കൈവയ്പ്പു കിട്ടിയ സുവിശേഷസംഘാംഗങ്ങൾക്കായി കാതോലിക്കേറ്റ് സെന്ററിൽ വച്ച് മിഷൻ പരിശീലനം 2023 ഡിസംബർ 18,19 തീയതികളിലായി നടന്നു. 9 ഭദ്രാസനത്തിൽ നിന്നുമായി 66 സുവിശേഷസംഘാംഗങ്ങൾ പരിശീലനത്തിൽ പങ്കെടുത്തു. സിനഡൽ കമ്മീഷൻ ഫോർ ഇവാഞ്ചലൈസേഷന്റെ ചെയർമാൻ അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ്, അതിലാബാദ് രൂപതയുടെ അദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ആന്റണി പ്രിൻസ് പാനേങ്ങാടൻ, ഡൽഹി ഗുഡ്ഗാവ് ഭദ്രാസനത്തിന്റെ വികാരി ജനറൽ പെരിയ ബഹു. ഫാ. വർഗ്ഗീസ്സ് വള്ളിക്കാട്ട്, മേരി മക്കൾ സന്യാസിനി സമൂഹത്തിന്റെ മാർത്താണ്ഡം പ്രോവിൻസിന്റെ പ്രോവിൻഷ്യൽ പെരിയ ബഹു. സി. അനിലാ ക്രിസ്റ്റി ഡി.എം, കമ്മീഷൻ സെക്രട്ടറി സി. മേരി പ്രസാദ് ഡി.എം, സുവിശേഷസംഘം എക്സിക്ക്യൂട്ടിവ് സെക്രട്ടറി ബഹു. ഫാ. ബനഡിക്ട് മൂഴിക്കര ഒ.ഐ.സി. എന്നിവർ ക്ലാസ്സുകൾക്കും പങ്കുവയ്ക്കലിനും വി. ഗ്രന്ഥത്തിന്റെ വിശുദ്ധ വായനയ്ക്കും നേതൃത്വം നല്കി. ചർച്ചകളും പ്ളാനിങ്ങും ഉൾപ്പെടുന്ന പരിശീലനത്തിന്റെ ആദ്യഘട്ടത്തോടെ പുതിയ പന്ഥാവ് ആരംഭിച്ചു.



മിഷൻ പരിശീലനം കാതോലിക്കേറ്റ് സെന്ററിൽ

പിതാവിന്റെയും ബഹൂ. ഫാ. ബനഡിക്റ്റ് മൂഴിക്കര ഒ.ഐ.സി, സി.മേരി പ്രസാദ് ഡി.എം ന്റെയും നേതൃത്വത്തിൽ ലക്സിയോ ദിവീനാ നടത്തി. ഓൺലൈനായി എല്ലാ ചൊവ്വാഴ്ചയും വൈകിട്ട് 7 മുതൽ 8.15 വരെ നടക്കുന്ന സുവിശേഷ സന്ധ്യയിൽ സുവിശേഷസംഘാംഗങ്ങൾ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുകയും ചെയ്യുന്നു.

### മാർ ഇവാനിയോസ് കബർ മിനിസ്ട്രി

ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ കബറിടത്തിൽ മധ്യസ്ഥ പ്രാർത്ഥന ശുശ്രുഷ എല്ലാ ദിവസവും രാവിലെ 9 മുതൽ വൈകിട്ട് 4 മണിവരെ ബഹു. സി. ഗ്ലോറി തെരേസ്സിന്റെയും സുവിശേഷസംഘാംഗങ്ങളുടെയും നേതൃത്വത്തിൽ നടന്നുവന്നിരുന്ന മാർ ഇവാനിയോസ് കബർ മിനിസ്ട്രിയിൽ ധാരാളം ആളുകൾ പങ്കെടുക്കുന്നു.




ഫെഡറേഷൻ ഫോർ ഏഷ്യൻ ബിഷപ്പ്സ് കൗൺസിൽ സുവിശേഷവത്ക്കരണ കാര്യാലയ സമ്മേളനം, ബാങ്കോക്ക്, തായ്ലാന്റ്



സുവിശേഷസംഘ രൂപീകരണം കണ്ണൂർ കാസർഗോഡ് വൈദികജില്ല



വൈദികരുടെ തുടർ പരിശീലന സമയത്ത് നടത്തിയ ലെക്സിയോ ദിവീന



സുവിശേഷസംഘ രൂപീകരണം ദക്ഷിണ കന്നഡ വൈദീകജില്ല



സുവിശേഷസംഘ രൂപീകരണം അടൂർ വൈദീകജില്ല

www.malankaralibrary.com



# മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം വാർത്തകൾ



കൈവയ്പ്പ് ശുശ്രൂഷ സഭാതലം 8-ാം ബാച്ച്



സുവിശേഷസംഘസംഗമം പത്തനംതിട്ട വൈദികജില്ല



സുവിശേഷസംഘസംഗമം കൊല്ലംകോട് വൈദികജില്ല



സുവിശേഷസംഘസംഗമം ദക്ഷിണ കന്നഡ വൈദികജില്ല



സുവിശേഷസംഘസംഗമം മാവേലിക്കര ഭദ്രാസനം

### ലക്സിയോ ദിവീനാ & കബറിങ്കൽ മധ്യസ്ഥ പ്രാർഥന

2023 മെയ് 11-ന് കാതോലിക്കേറ്റിൽ നടന്ന വൈദികരുടെ തുടർ പരിശീലനത്തിലും, നവംബർ 19-ന് നടന്ന ഡീക്കൻമാരുടെ പാസ്റ്ററൽ കോഴ്സിലും അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് പിതാവിന്റെ നേതൃത്വത്തിൽ കാതോലിക്കേറ്റ് സെന്ററിൽ വച്ച് ലെക്സിയോ ദിവീനാ നടത്തപ്പെട്ടു. എല്ലാ ചൊവ്വാഴ്ചകളിലും സന്ധ്യക്ക് ഏഴു മണി മുതൽ 8.15 വരെ ഓൺലൈൻ ആയി ലെക്സിയോ ദിവീനാ നടത്തുന്നു. എല്ലാ വ്യാഴാഴ്ചയും രാവിലെ 11 മണി മുതൽ 12 മണി വരെ നടന്നു വരുന്ന പ്രാർത്ഥനാ കൂട്ടായ്മയിലും ധാരാളം സുവിശേഷ സംഘാംഗങ്ങൾ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുകയും വചനപ്രഘോഷണം നടത്തുകയും ചെയ്യുന്നു.

## ഭദ്രാസനതല വാർത്തകൾ

### കൈവയ്പ്പ് ശുശ്രൂഷ

മുവാറ്റുപുഴ ഭദ്രാസനത്തിലെ പീച്ചി കേന്ദ്രമാക്കി കോവിഡ് 19-ന് മുൻപ് ആരംഭിച്ച പരിശീലനം പൂർത്തിയാക്കിയ 16 അംഗങ്ങളുടെ കൈവയ്പ്പു 2024 മാർച്ച് 3-ന് പീച്ചിയിൽ വച്ച് നൽകുന്നതാണ്.

### സുവിശേഷ സംഗമം

കൈവയ്പ്പു ലഭിച്ച സുവിശേഷ സംഘാംഗങ്ങളുടെ സംഗമങ്ങൾ പാറശാല ഭദ്രാസനത്തിൽ, സെപ്റ്റംബർ 6-നും, മാവേലിക്കര ഭദ്രസനത്തിൽ സെപ്റ്റംബർ 27-നും, പുത്തൂർ ഭദ്രാസനത്തിൽ ഒക്ടോബർ 27-നും, പത്തനംതിട്ട ഭദ്രാസനത്തിൽ, ഡിസംബർ 13-നും, നടത്തുപ്പെട്ടു.

### വൈദീക ജില്ലാ വൈദീക സമ്മേളനങ്ങൾ, സുവിശേഷസംഘ രൂപീകരണം

2022-23 17 വൈദീകജില്ലകൾ കേന്ദ്രമാക്കി ആരംഭിച്ച പരിശീലനങ്ങൾ തുടരുന്നു. അതിനു മുന്നോടിയായി ചെയർമാൻ അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ്, ബഹു. ഫാ. ബനഡിക്ട് മൂഴിക്കര ഒ.ഐ.സി., ബഹു. സി. ഡോ. മേരി പ്രസാദ് ഡി.എം എന്നിവരുടെ നേതൃത്വത്തിൽ കണ്ണൂർ-കാസർഗോഡ്, പുത്തൂർ-ദക്ഷിണ കന്നഡ റീജൺ, നെടുമങ്ങാട് വൈദീക ജീല്ലകളിലെ വൈദീകരുടെ സമ്മേളനങ്ങൾ വൈദീക ജില്ലകൾ കേന്ദ്രമാക്കി നടത്തി.

### സുവിശേഷസംഘ ശുശ്രൂഷകൾ

കോവിഡ് പ്രതിസന്ധിക്കു ശേഷം ഭദ്രാസനം, വൈദീകജില്ല, ഇടവക തുടങ്ങിയവ കേന്ദ്രീകരിച്ച് സുവിശേഷ സംഘകൂട്ടായ്മകൾ ഭവനസന്ദർശനം, രോഗീസന്ദർശനം, ഇടവക ശുശ്രൂഷകൾ, മിഷൻ പ്രവർത്തനം, വചനപ്രഘോഷണം മറ്റ് വിവിധ ശുശ്രൂഷകൾ സുവിശേഷ സംഘങ്ങളുടെ നേതൃത്വത്തിൽ പുനരാരംഭിച്ച് കാര്യക്ഷമമായി നടത്തി വരുന്നു.

www.malankaralibrary.com





# ദൈവത്തിന്റെ കരത്തിൽ കീഴിൽ താഴ്മയോടെ നിൽക്കുക

**സത്യൻ & ഷീജ സത്യൻ**
*സഭാതല സുവിശേഷസംഘാംഗം 5-ാം ബാച്ച്*



എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്ക് സാധിക്കും (ഫിലിപ്പി 4:13)

ദൈവതിരുനാമത്തിന് മഹത്വമുണ്ടായിരിക്കട്ടെ. എന്റെ പേര് സത്യൻ. ജീവിത പങ്കാളിയുടെ പേര് ഷീജ സത്യൻ. ഞങ്ങൾ സഭാതലം അഞ്ചാം ബാച്ചിൽ കൈവെപ്പ് സ്വീകരിച്ചവരാണ്. ദൈവത്തിന്റെ ശക്തിയിൽ ആശ്രയിച്ചുകൊണ്ട് ഞങ്ങളുടെ ജീവിതത്തെ ക്രമീകരിച്ചപ്പോൾ കുടുംബമായി ദൈവിക ശുശ്രൂഷ ചെയ്യുന്നതിന് ഭാഗ്യം ലഭിച്ചു. ഇടവകയോടും ധ്യാനകേന്ദ്രത്തോടും ചേർന്ന് നിന്ന് ആത്മീയ പ്രവർത്തനങ്ങൾ ചെയ്തു വരുന്നു. കൂടാതെ ജില്ലയോടും അതിരൂപതയോടും ചേർന്ന് പ്രവർത്തിച്ചും വരുന്നു. ജീവിതത്തിൽ ഉണ്ടാകുന്ന പ്രതിസന്ധികളെ തരണം ചെയ്തുകൊണ്ട് ശുശ്രൂഷ ചെയ്യുവാൻ ഞങ്ങളെ ശക്തരാക്കുന്ന ദൈവത്തിന് എത്ര നന്ദി ചൊല്ലിയാലും മതിവരില്ല. ഞങ്ങൾക്ക് ദൈവം മൂന്നു മക്കളെ സമ്മാനിച്ചു. മൂത്തമകൾ വിവാഹിതയും ഒരു കുഞ്ഞിന്റെ അമ്മയുമാണ്. മകളും ജീവിത പങ്കാളിയും ഇടവകയിലും ജില്ലയിലും ആത്മീയ ശുശ്രൂഷ ചെയ്തു വരുന്നു. രണ്ടാമത്തെ മകൻ ബുദ്ധിമാന്ദ്യം ബാധിച്ചവൻ ആണ്. മൂന്നാമത്തെ മകൻ അൾത്താര ശുശ്രൂഷകനും കോളേജ് വിദ്യാർത്ഥിയും ആണ്.

ദൈവത്തിന്റെ കരത്തിൻ കീഴിൽ താഴ്മയോടെ നിന്നാൽ തക്കസമയത്ത് ഉയർത്തിക്കൊള്ളും. ഇടവക വികാരിയച്ചന്മാരുടെ അനുവാദത്തോടെ കുടുംബസമാധാനം നഷ്ടപ്പെട്ട ഭവനങ്ങൾ ഞങ്ങൾ സന്ദർശിക്കുകയും കുടുംബത്തിൽ നഷ്ടപ്പെട്ട ദൈവ സാന്നിധ്യം വീണ്ടെടുക്കുകയും ദൈവാലയത്തോടും കൂദാശ അനുഭവത്തോടും ചേർന്ന് നിർത്തുകയും ചെയ്യുന്നു. ഈ കാലയളവിൽ കുടുംബ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയാതെ പിരിയുവാൻ തീരുമാനമെടുത്ത ദമ്പതികളെ ഞങ്ങൾ പോയി കാണുകയും അവരോടൊപ്പം ആയിരുന്നു പ്രശ്നങ്ങൾ വചനത്തിന്റെ നിറവിൽ സംസാരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തപ്പോൾ അത്ഭുതകരമായ ദൈവിക സാന്നിധ്യം അവർ അനുഭവിക്കുകയും പരസ്പരം തെറ്റുകൾ തിരുത്തി ഇന്നും അവർ ദൈവത്തിന് സാക്ഷിയായി ജീവിക്കുന്നു. ഇതര സഭയിൽ പെട്ട കുടുംബങ്ങളിൽ ഞങ്ങൾ കടന്നു ചെല്ലുകയും ഞങ്ങൾക്ക് ലഭിച്ച ദൈവീക അനുഭവങ്ങൾ പങ്കുവെക്കുകയും കൂദാശ അനുഭവങ്ങളെക്കുറിച്ച് പറഞ്ഞപ്പോൾ അവരുടെ ഉൾക്കണ്ണ് തുറന്ന് സത്യസഭയിൽ വരികയും ചെയ്തു. രോഗികളെ പോയി കാണുകയും അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. മദ്യപാനികളുടെ കുടുംബത്തിൽ കടന്നു ചെല്ലുകയും അവരുടെ വേദനകൾ മനസ്സിലാക്കി അവരുടെ പ്രശ്നങ്ങളെ പരിഹരിക്കുന്നതിന് വേണ്ടി ധ്യാനങ്ങളിൽ അയയ്ക്കുകയും ചെയ്തുവരുന്നു. ഞങ്ങളെ സുവിശേഷ സംഘത്തിൽ ചേർക്കുന്നതിനുള്ള നല്ല പ്രചോദനം തന്നത് റവ. ഫാ. ഡൊമിനിക് മുഴിക്കര OIC ആണ്. ആത്മീയ ശുശ്രൂഷയ്ക്ക് എല്ലാവിധ കരുത്തും നിർദ്ദേശങ്ങളും തന്ന് ഞങ്ങളെ ഇപ്പോൾ നയിച്ചു കൊണ്ടിരിക്കുന്നത് റവ. ഫാ. ഡാനിയേൽ കല്ലിൽ OIC ക്ക് ദൈവ നാമത്തിൽ നന്ദി. ഞങ്ങൾ ഭവനങ്ങളിൽ ഉണ്ടാകുന്ന പ്രതിസന്ധികളെ തരണം ചെയ്യുന്നതിനുള്ള ആത്മീയ നിർദേശത്താൽ ബലപ്പെടുത്തുന്ന റവ. ഫാ. ഗോഡ് ജോയ് അച്ചനും നന്ദി. നെടുമങ്ങാട് വൈദിക ജില്ല സുവിശേഷ സംഘത്തിന്റെ ഡയറക്ടറും ശാന്തിഗിരി ബഥനി ധ്യാനകേന്ദ്രത്തിന്റെ ഡയറക്ടറുമായ റവ. ഫാ. ഡാനിയേൽ കല്ലിൽ അച്ചനോടൊപ്പം നിന്ന് ശുശ്രൂഷ ചെയ്തുവരുന്നു. ഞങ്ങളെ ഈ സാരംഭത്തിന് ബലപ്പെടുത്തിയ മേജർ അതിരൂപതയ്ക്കും സഭാ തലത്തിലെ ബഹുമാനപ്പെട്ട അച്ചന്മാർക്കും സിസ്റ്റേഴ്സിനും സർവ്വശക്തനായ ദൈവത്തിനും നന്ദി അർപ്പിക്കുന്നു.

---

*( ...... 4-ാം പേജിൽ നിന്നും തുടർച്ച)*

തനിൽ എല്ലാറ്റിനെയും ഞങ്ങൾക്കു കാണുവാൻ കഴിയുമെന്ന് ലോകത്തോട് പറയുവാൻ അനേകർ ഈ നിയോഗം ഏറ്റുവാങ്ങുകയാണ്. നിങ്ങളെക്കുറിച്ച് ലോകം എന്തു പറയുന്നു എന്നതിലല്ല നിങ്ങളുടെ സന്തോഷവും സന്താപവും. മറിച്ച്, സ്വർഗ്ഗം എന്ത് കരുതുന്നു എന്നതിലാണ് നിങ്ങളുടെ ആനന്ദം. അതുകൊണ്ട് 72 അറിയുപ്പുകാരുടെ പിൻഗാമികളായി സഭ നിങ്ങളെ നിയോഗിക്കുമ്പോൾ ഈ രണ്ടു തലങ്ങളും അതിശക്തമായി സംരക്ഷിക്കപ്പെടും എന്ന് സഭ വിശ്വസിക്കുകയാണ്.

കൈവയ്പ്പു സ്വീകരിക്കുന്നത് ഏതെങ്കിലും പ്രത്യേകമായ അംഗീകാരമോ, അടയാളമോ പ്രശംസയോ ലഭിക്കുന്നതിനല്ല, മറിച്ച്, അനേകർക്ക് വേണ്ടി മുട്ടുകുത്തി പ്രാർത്ഥിക്കുവാനും, ആവശ്യങ്ങളിലിരിക്കുന്നവരിലേക്ക് സ്നേഹവും കരുണയുമായി എത്തി ചേരുന്നതിനും വേണ്ടിയാണ് എന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. വി. ഗ്രന്ഥവും കത്തിജ്ജ്വലിക്കുന്ന മെഴുതിരിയും നിങ്ങൾക്കു നല്കുമ്പോൾ ഇക്കാര്യമാണ് സഭ ഔദ്യോഗികമായി നിങ്ങളെ ഭരമേൽപ്പിക്കുന്നത്. നിങ്ങളുടെ കൊച്ചു കുടുംബത്തിലും, പ്രാർത്ഥനാ കൂട്ടായ്മകളിലും, ഇടവകയിലും, ജോലിസ്ഥലങ്ങളിലും സുവിശേഷത്തിന് ജീവിക്കുന്ന സാക്ഷ്യമാകുവാനാണ്. സുവിശേഷത്തിലൂടെ കൈവരുന്ന കൃപാസമൃദ്ധിയെ ആർക്കും പരിമിതപ്പെടുത്തുവാനോ മുൻകൂട്ടി നിശ്ചയിക്കുവാനോ ആവില്ലല്ലോ.

പുണ്യപിതാവായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിനരികെ നിന്നും ലോകം മുഴുവൻ സുവിശേഷം പങ്കുവയ്ക്കുവാനുള്ള നിയോഗവുമായി നിങ്ങളുടെ പ്രേഷിതപ്രയാണം ആരംഭിക്കുമ്പോൾ ഏതു പ്രായത്തിൽ ആരംഭിച്ചു എന്നതിനേക്കാൾ നിങ്ങളുടെ ജീവിതത്തിന്റെ മർമ്മം നിങ്ങൾ കണ്ടെത്തി എന്നതിലാണ് സന്തോഷവും അഭിമാനവും അടങ്ങിയിരിക്കുന്നത്. സ്വഭാവത്താലെ പ്രേഷിതയായ സഭയിലെ അറിയിപ്പുകാരായി ഔദ്യോഗികമായി തിരുസഭ നിങ്ങളെ നിയോഗിക്കുകയാണ്. ഇതു നിറവേറ്റപ്പെടുന്നതിന്റെ സന്തോഷം പരി. സഭയ്ക്കുണ്ട്. തിരുസഭയെ നിരസിക്കാനും കുത്സിതമാർഗ്ഗങ്ങളിലൂടെ നിരാകരിക്കാനും ഒറ്റപ്പെടുത്താനും ശ്രമം നടക്കുന്നതിന്റെ മധ്യത്തിൽ സമൂഹത്തിലെ സർവ്വകലാശാല അദ്ധ്യാപകർ, ഡോക്ടേഴ്സ്, സങ്കേതികമായ മറ്റ് നിലകളിൽ സ്വാധീനമുള്ളവർ കുടുംബ പ്രേഷിതർ, ഇടവകയിലും സമൂഹത്തിലും സ്തുത്യർഹമായി സേവനം ചെയ്യുന്ന കുടുംബാംഗങ്ങൾ എന്നിങ്ങനെ വ്യത്യസ്ത തുറയിലുള്ള അനേകർ ശിഷ്ടകാലം മുഴുവൻ ഞങ്ങൾ കർത്താവിന്റെ വചനത്തിന് സാക്ഷികളാവും എന്ന് പറയുമ്പോൾ 130 കോടിയോളം വരുന്ന തിരുസഭാ മക്കൾക്കു അത് വലിയ അനുഗ്രഹമാണ്. മുന്ന് യുവജനങ്ങളുള്ള ഒരു കുടുംബം മുഴുവനും സുവിശേഷസംഘത്തിലായിരിക്കുന്നു എന്നത് തീർച്ചയായും സഭയിലും സമൂഹത്തിലും നല്കുന്നത് അസാധാരണമായ സാക്ഷ്യവും മാതൃകയുമാണ്. ലോകത്തിലേറ്റവും വലിയ ശുശ്രൂഷ നിങ്ങൾ കണ്ടെത്തിയിരിക്കുന്നു. സുവിശേഷത്തിനുവേണ്ടി ജീവനർപ്പിക്കാൻ ഞാനും എന്റെ കുടുംബവും സന്നദ്ധമാണ് എന്ന് പരസ്യമായി അറിയിക്കുന്നതിനേക്കാൾ അതിനായി സ്വയം സമർപ്പിക്കുന്ന വ്യക്തികളെക്കാൾ സഭയുടെ അനുഗ്രഹം, ഭാഗ്യം, കരുത്തും ശക്തിയും മറ്റെന്താണ്!!.

തിരുസഭയുടെ നാമത്തിൽ സുവിശേഷം പ്രഘോഷിക്കുവാൻ ആരെങ്കിലുമുണ്ടോ എന്ന് ചോദിക്കുമ്പോൾ ഞങ്ങൾ സന്നദ്ധരാണ് എന്ന് പറഞ്ഞ് കൈകൾകൂപ്പി ശിരസ്സു നമിച്ചു നിൽക്കുന്നതാണ് സഭയിലെ യഥാർത്ഥ അടയാളവും അത്ഭുതവും എന്ന് പറയാനാണ് എനിക്ക് സന്തോഷം. സുവിശേഷത്തിനായി ഒരുങ്ങിവന്നവരുടെമേൽ പരിശുദ്ധാത്മാവ് ഇറങ്ങിവന്ന് അഭിഷേകം ചെയ്യുമ്പോഴാണ് സഭ വളരുന്നത്. ആ അഭിഷേകത്തിലൂടെ നമ്മുടെ സഭയുടെ സുവിശേഷ ധർമ്മം പുലരുന്നതിനും ആഘോഷിക്കുന്നതിനും കാരണമാകട്ടെ!! പൗലോസ് ശ്ലീഹാ എഫേസോസിലെ സഭയോട് അനുശാസിക്കുന്നതുപോലെ ഞാനും സുവിശേഷ സംഘാംഗങ്ങളായ നിങ്ങളെ ഉപദേശിക്കുന്നു, സഭയിലെ അറിയിപ്പുകാർ എന്ന നിലയിൽ നിങ്ങളുടെ വിളിക്കു യോഗ്യമായ ജീവിതം നയിക്കുവിൻ (Eph. 4:1-3). നിങ്ങളുടെ ഭവനങ്ങളും, ഇടവകകളും കൂട്ടായ്മകളും തിരുസഭയും ലോകമുഴുവനും അനുഗ്രഹിക്കപ്പെടട്ടെ. നിങ്ങളുടെ ഹൃദയത്തിന്റെ നൈർമല്ല്യവും ജീവിതത്തിന്റെ വിശുദ്ധിയും പരിശുദ്ധാത്മാവ് ആഘോഷിക്കട്ടെ !!

(2023 നവംബർ 17, 18 തീയതികളിൽ സഭാതലം 8-ാം ബാച്ചിന്റെ കൈവയ്പ്പിനോടനുബന്ധിച്ച്, കാതോലിക്കേറ്റിലും, തിരുവനന്തപുരം, പട്ടം സെന്റ് മേരീസ് മേജർ ആർക്കി എപ്പാർക്കിയൽ കത്തീഡ്രൽ ദൈവാലയത്തിലും വച്ച് അഭിവന്ദ്യ ബാവാ തിരുമേനി നൽകിയ പ്രബോധനം)

---


*( ...... 1-ാം പേജിൽ നിന്നും തുടർച്ച)*

ഏറ്റെടുത്തു. തങ്ങളോടൊപ്പം സഞ്ചരിച്ചവനെ കുറിച്ചുള്ള ഓർമ്മകളിലേക്ക് തിരികെ പോയി ഉത്ഥാനത്തിന്റെ കാഴ്ചപ്പാടിൽ നിന്ന് നസ്രായനായ യേശുവിനെ വായിച്ചെടുക്കുവാൻ അവർ തയ്യാറായി. അങ്ങനെ ക്രിസ്തു ഒരു ജീവിതശൈലിയാണെന്ന് അവർ തിരിച്ചറിഞ്ഞു. ക്രിസ്തു പ്രതിനിധാനം ചെയ്യുന്ന രീതികൾ തന്നെ ഇന്ന് നമ്മിൽനിന്ന് അവ നഷ്ടമാകുകയോ അന്യം വരികയോ ചെയ്തിട്ടുണ്ടാവാം. ക്രിസ്തു സാക്ഷ്യം എന്നത് ഒരു തിരിച്ചറിവും പുറപ്പാടുമാണ്.

പത്രോസും യോഹന്നാനും പറഞ്ഞതുപോലെ ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ച് സംസാരിക്കാതിരിക്കാൻ ഞങ്ങൾക്ക് സാധ്യമല്ല (അപ്പ 4:20) എന്ന തിരിച്ചറിവാണ് ക്രിസ്തു സാക്ഷ്യം. അപ്പോസ്തലന്മാർ അവർ അനുഭവിച്ച സത്യത്തോട് പുലർത്തിയ ആത്മാർത്ഥതയായിരുന്നു ഇത്. ആസൂത്രിത ആക്രമണങ്ങൾ പോലും ദൈവികമായി തിരിച്ചറിയാൻ കഴിയും വിധം അവർ തങ്ങളോട് തന്നെ ആത്മാർത്ഥതയുള്ളവരായി. ജീവിതത്തിലെ രണ്ട് മുഖങ്ങൾ ഇല്ലാതാകുന്നു. ഭൗതികമെന്നും ആത്മീയമെന്നും എന്റേതെന്നും ദൈവത്തിന്റേതെന്നും രണ്ടില്ല. എല്ലാം ഒന്നാകുമ്പോഴാണ് നാം കാപട്യങ്ങൾ ഇല്ലാത്ത നൈർമല്യത്തിന്റെ നേർപാതയിൽ യാത്ര ആരംഭിക്കുക. അസാധാരണത്വത്തിന്റെ യാതൊരു ഭാവഭേദങ്ങളും ഇല്ലാതെ നാം കാണുകയും കേൾക്കുകയും ചെയ്ത ഉത്ഥിതനായ ക്രിസ്തുവിനെ പ്രഘോഷിക്കാനുള്ള ആത്മബലം തന്നെയാണ് പരിശുദ്ധാത്മാവ് നമുക്ക് നൽകുന്ന ശക്തി. സുവിശേഷത്തിൽ നാം കാണുകയും കേൾക്കുകയും ചെയ്യുന്ന ധൂർത്ത പുത്രന്റെ, പാപിനിയുടെ, ഇടയന്മാരുടെ, സക്കേവൂസിന്റെ, പേരില്ലാത്തവന്റെ, കൃഷിക്കാരന്റെ കർത്താവിനെ പരിചയപ്പെടാനും പരിചയപ്പെടുത്താനും എളുപ്പമാണ്.

സാക്ഷിയാവുക എന്നത് നമ്മുടെ സുരക്ഷിത ഇടങ്ങളിൽ നിന്നുള്ള ഒരു പുറപ്പാടാണ്. ഇതിനെ അറിയാതെ ദുഃഖിക്കുകയും നൊമ്പരപ്പെടുകയും ചെയ്യുന്ന മനുഷ്യർ തങ്ങളുടെ സുരക്ഷിത സങ്കേതത്തിന് പുറത്തുണ്ട് എന്ന തിരിച്ചറിവ് സുവിശേഷ സാക്ഷികൾ ആകാൻ വിളി ലഭിച്ചവന്റെ പ്രകടമായ ലക്ഷണമാണ്. സ്തേഫാനോസ് ക്രിസ്തുവിനെ പ്രതി വധിക്കപ്പെടേണ്ടവൻ ആണ് എന്ന തിരിച്ചറിഞ്ഞ് (അപ്പ 7:54–60).പൗലോസ് വിജാതീയരുടെ ഇടയിൽ ക്രിസ്തു സാക്ഷിയാകാൻ തയ്യാറായി. (അപ്പ 22:17–21)

സാധ്യമായ എല്ലാ സാധ്യതകളും ഉപയോഗിച്ച് അനുകൂലവും പ്രതികൂലവുമായ സാഹചര്യത്തിൽ ക്രിസ്തുവിനെ സാക്ഷ്യപ്പെടുത്താൻ ക്രിസ്തീയ വിളി നമ്മെ വെല്ലുവിളിക്കുന്നുണ്ട്. പുനർവിചാരം ചെയ്യപ്പെടേണ്ട എല്ലാ ജീവിതമേഖലകളും കണ്ടെത്തുകയും നവമായി വ്യാഖ്യാനിക്കപ്പെടുകയും ചെയ്യണം. അപ്പോസ്തലന്മാരെ പോലെ ധൈര്യപൂർവ്വം ക്രിസ്തു ശിഷ്യന് അനുയോജ്യമായ സാക്ഷ്യ ജീവിതത്തിലേക്ക് ഇറങ്ങാൻ നമുക്ക് കഴിയട്ടെ.



# മണിപ്പൂരിലെ സുവിശേഷ സാക്ഷ്യം



**രവീന്ദ്രൻ പി & റോസ്മേരി ആർ**
സുവിശേഷസംഘാംഗം
സഭാതലം 7, 8 ബാച്ച്

"നിങ്ങൾ ലോകമെങ്കും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ.16:15).

ഞങ്ങൾ സഭാതല സുവിശേഷാംഗങ്ങൾ, ഞാൻ 7-ാം ബാച്ചിലും എന്റെ ഭാര്യ 8-ാം ബാച്ചിലും കൈവയപ്പു സ്വീകരിച്ചു. ഞാൻ KAMCO Tec. Asstst. ആയും ഭാര്യ Headmistress (LP School)ആയും പെൻഷനായി. ഞങ്ങൾക്ക് മൂന്ന് മക്കൾ, മൂത്തമകൻ അരുണദാസ് ഒ.ഐ.സി. വൈദികൻ, രണ്ടാമത്തെ മകൻ അനൂപ്-വിവാഹിതൻ, മകൾ വിദ്യാർത്ഥിനിയുമാണ്.

ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവകൃപയാലാണ്. ഈ സുവിശേഷവാക്യം അന്വർത്ഥമാക്കുംവിധം ദൈവം എന്റെ ജീവിതത്തിൽ നടത്തിയ അത്ഭുതങ്ങൾ എണ്ണിയെണ്ണി പറഞ്ഞാൽ തീരുകയില്ല. അവയിൽ ചിലതാണ് വിശുദ്ധ കുർബാന മദ്ധ്യേ എന്റ ഹൃദയവാൽവിലെ ബലക്കുറവും, കിഡ്നി സ്റ്റോണും എടുത്തുമാറ്റി എന്നെ അനുദിനം നയിക്കുന്ന ഈശോയെ കൂടുതൽ അനുഭവിക്കാൻ സുവിശേഷസംഘാംഗമാകാൻ ഇടയാക്കി.

"യേശു 72 പേരെ താൻ പോകാനിരിക്കുന്ന പട്ടണങ്ങളിലേക്കും നാട്ടിൻ പുറങ്ങളിലേക്കും ഈരണ്ടുപേരായി അവരെ തനിക്കു മുൻപേ അയച്ചു" (ലൂക്കാ 10:17). ഈ 72 പേരിൽ ഞങ്ങളെയും തിരഞ്ഞെടുത്ത് കൈവയ്പ്പുനൽകി, യേശുവിനു പകരക്കാരായി അയച്ചുവെന്ന ബോധ്യം ഉള്ളിൽ ജ്വലിച്ചുനിൽക്കുന്നു. ഓരോ സുവിശേഷസംഘാംഗവും വചനംകൊണ്ടും കർമ്മംകൊണ്ടും സുവിശേഷശുശ്രൂഷ നിർവഹിക്കാൻ വിളി ലഭിച്ചവരാണല്ലോ? സുവിശേഷസംഘശുശ്രൂഷയെ ദൈവമാണ് നയിക്കുന്നുവെന്നത്, തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫിയാത്ത് മിഷനുമായി ചേർന്നു പ്രവർത്തിക്കാൻ ഞങ്ങളെ ഇടയാക്കി. വ്യത്യസ്ത ഭാഷകളിൽ ബൈബിൾ പ്രിന്റിംഗ് ചെയ്യുന്ന ശുശ്രൂഷയാണ് അവരുടേത്. ഇതിന്റെ ഭാഗമായി ഞങ്ങൾ ചെയ്യുന്നത് വീട്, ഇടവക, മഠം എന്നിവിടങ്ങളിൽ പോയി വേസ്റ്റ് പേപ്പർ ശേഖരിച്ച്, ഫിയാത്ത് മിഷന്റെ ലോറികളിൽ കയറ്റിയയ്ക്കുന്നു. അവർ അത് 29 ഭാഷകളിൽ പ്രിന്റിംഗ് നടത്തി കേരളത്തിനുപുറത്തും മറ്റുരാജ്യങ്ങളിലും എത്തിക്കുന്നു. ഞങ്ങൾ ശേഖരിക്കുന്ന പേപ്പർ ബൈബിളായി ലോകത്തിന്റെ വിവിധഭാഗങ്ങളിൽ ജനങ്ങൾ യേശുവിനെ അറിയുവാൻ ഇടയാക്കുന്നുവെന്നത് ഞങ്ങൾക്ക്, ആനന്ദം നൽകുന്നു. വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ പറയുന്നു: "കർത്താവിന്റെ രക്ഷ എല്ലാവർക്കും വാഗ്ദാനം ചെയ്യപ്പെട്ടതാകയാൽ അത് എല്ലാവർക്കം സംലഭ്യമാക്കുക എന്നത് നമ്മുടെ കടമയാണ്. ഞാൻ ഫിയാത്ത് മിഷനുമായി ചേർന്ന് പ്രേഷിതശുശ്രൂഷയ്ക്കായി മണിപ്പൂരിലേക്ക് പോകാനിടയായയത് വിളിക്കുള്ളിലെ വിളിതന്നെയാണ്. സുവിശേഷസംഘാംഗങ്ങളുടെ പ്രാർത്ഥനയും എന്നെ ശക്തിപ്പെടുത്തി. ദൈവമാണല്ലോ എന്നെ വിളിച്ചത്. ആ വിശ്വാസമാണ് എന്നെ അവിടെ എത്തിച്ചത്. യാത്രയ്ക്ക് ഞങ്ങൾ 5 പേർ ഉണ്ടായിരുന്നുവെങ്കിലും രണ്ടുപേർ മാത്രമാണ് എത്തിയത്. "വിളിക്കപ്പെട്ടവർ അനേകർ, എന്നാൽ തിരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം" മണിപ്പൂർ കലാപം പൊട്ടിപ്പുറപ്പെട്ട് കൊടുമ്പിരികൊണ്ട സമയത്തായിരുന്നു ഞങ്ങൾ ഇംഫാൽ വിമാനത്താവളത്തിൽ ഇറങ്ങിയത്. ഇംഫാൽ സെന്റ് പീറ്റേഴ്സ് റിട്രീറ്റ് സെന്ററിൽ മൂന്നുമാസത്തോളം താമസിച്ച് വേദനയനുഭവിക്കുന്ന മണിപ്പൂർ ജനതയ്ക്കുവേണ്ടി ദിവ്യകാരുണ്യത്തിനുമുമ്പിൽ ആരധനയും മദ്ധ്യസ്ഥ പ്രാർത്ഥനയും നടത്തി. ചില ദിവസങ്ങളിൽ കലാപബാധിത പ്രദേശങ്ങൾ സന്ദർശിക്കാൻ അച്ചനോടും സിസ്റ്റേഴ്സിനോടുമൊപ്പം പോകാൻ ഞങ്ങൾക്ക് അവസരം ലഭിച്ചു. അവിടുത്തെ ദൃശ്യങ്ങൾ ആരുടേയും കരളലിയിപ്പിക്കുന്നതാണ്. കത്തിക്കരിഞ്ഞ് നിൽക്കുന്ന വീടുകൾ, സ്കൂളുകൾ, ദൈവാലയങ്ങൾ, മുറിവേറ്റവരും ശരീരഭാഗങ്ങൾ വെന്തുവ്രണങ്ങളോടുകൂടിയ രോഗികൾ നിറഞ്ഞ ആശുപത്രികൾ. ഇവയൊക്കെ കണ്ണീരോടെ നോക്കിക്കാണാനേ കഴിഞ്ഞുള്ളൂ. ബൈബിൾ ചാമ്പലാക്കിയതിന്റെ അവശിഷ്ഠങ്ങളും കാണാനിടയായി. ഞങ്ങൾ സന്ദർശിച്ച ഒരു ദൈവാലയം കത്തിക്കരിഞ്ഞ നിലയിൽ, എന്നാൽ മാതാവിന്റെ സ്വരൂപം ഒരു പോറലുമേൽക്കാതെ നിൽക്കുന്ന ദൃശ്യം ഞങ്ങളെ അത്ഭുതപ്പെടുത്തി.

ഞങ്ങൾ നാട്ടിലേക്ക് തിരിക്കുന്നതിന്റെ തലേരാത്രി ഞങ്ങൾ താമസിക്കുന്ന ധ്യാനകേന്ദ്രത്തിൽ തിരിച്ചെത്തി. ചുറ്റും വെടിയൊച്ചയും കൊള്ളിയാൻ മിന്നുന്നതുപോലെ തീയും കണ്ട് ജീവൻ ദൈവകരങ്ങളിൽ സമർപ്പിച്ച് പ്രാർത്ഥിച്ച നിമിഷങ്ങളായിരുന്നു. എന്നാൽ പതിവുപോലെ ഒരു സുപ്രഭാതം കാണാനിടയാക്കിയ ദൈവം എത്ര വിശ്വസ്തനാണ്. ഇവയെല്ലാം നിത്യ സംഭവങ്ങളാണെന്ന് ഫാദർ ഓർമ്മിപ്പിച്ചു. ഇതുപോലെ പീഡിപ്പിക്കപ്പെടുന്ന മണിപ്പൂർ ജനതയ്ക്കും മറ്റ് ക്രൈസ്തവ ജനതയ്ക്കുംവേണ്ടി നമുക്ക് മാദ്ധ്യസ്ഥം പ്രാർത്ഥിക്കാം. ഞാൻ അനുഭവിച്ചറിഞ്ഞ ദൈവസ്നേഹത്തെ പങ്കുവയ്ക്കാതിരിക്കാൻ കഴിയുകയില്ല. "വിളവധികം, വേലക്കാരോ ചുരുക്കം. അതിനാൽ തന്റെ വിളഭൂമിവിലേക്ക് വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ" (മത്താ.9:37).

സുവിശേഷസംഘം വഴി ഞങ്ങൾക്ക് യേശുവിനെ രക്ഷകനും കർത്താവും പിതാവും സ്നേഹിതനും മണവാളനുമായി ഒരാത്മബന്ധം സ്ഥാപിക്കാൻ കഴിഞ്ഞു. Lectio Devino യിലൂടെ വചന വിചിന്തനം നടത്തുന്നതിനും, സുവിശേഷത്തിന്റെ ആഴങ്ങളിലേക്ക് കടക്കുന്നതിനും യേശുവിന്റെ കണ്ണുകളിലൂടെ കാണാൻ പ്രാപ്തമാക്കുന്ന രീതിയിൽ ക്ലാസുകളെടുത്ത അഭിവന്ദ്യ സിൽവാനോസ് പിതാവിനും ബഹു. ബനഡിക്ട് അച്ചനും ബഹു. സിസ്റ്റർ മേരി പ്രസാദിനും നന്ദിയുടെ പൂച്ചെണ്ടുകൾ അർപ്പിക്കുന്നു. തുടർന്നും ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണേ.

# എല്ലാം ദൈവത്തിന്റെ ദാനം

**ബിനു, ലിസി, നവീൻ, നവ്യ, നമിത**
*സുവിശേഷസംഘാംഗങ്ങൾ, സഭാതലം, 4, 8 ബാച്ച്*



"ദൈവമായ കർത്താവേ, അങ്ങ് എന്നെ ഇത്രത്തോളം ഉയർത്താൻ ഞാനും എന്റെ കുടുംബവും എന്താകുന്നു. ദൈവമായ കർത്താവേ ഇത് അങ്ങേക്ക് എത്ര നിസാരം" (2 സാമു. 7:19).

തിരുവനന്തപുരം അതിഭദ്രാസനത്തിൽ അഞ്ചൽ ആനക്കുളം പ്രദേശത്തുള്ള സെന്റ് ഇഗ്നാത്തിയോസ് മലങ്കര കത്തോലിക്കാ സഭയുടെ ആധ്യാത്മികത ആഴത്തിൽ ജീവിച്ചുകൊണ്ട് സ്വയം വിശുദ്ധീകരണത്തിലൂടെ പ്രതിസന്ധികളിൽ തളരാതെ ദൈവത്തിൽ പ്രത്യാശ വയ്ക്കുവാൻ ദൈവം ഞങ്ങൾക്ക് കൃപ തന്നു.

ആദ്യമായി ഞങ്ങളുടെ കുടുംബത്തിൽ നിന്നും കുടുംബനാഥൻ (ബിനു സി. ചാക്കോ) സുവിശേഷസംഘ 4-ാം ബാച്ചിൽ അംഗമായി. അദ്ദേഹം തികഞ്ഞ ഈശ്വരവിശ്വാസിയാണെങ്കിലും പകുതിമനസ്സോടെയാണ് ആദ്യ ക്ലാസിൽ പങ്കെടുത്തത്. പക്ഷേ ദൈവാത്മാവിന്റെ ശക്തമായ ഇടപെടൽ മൂലം, ഏത് പ്രതിസന്ധിയിലും തളർന്നുപോകാതെ പിടിച്ചുനിൽക്കുവാനുള്ള കൃപ ദൈവം നൽകി. ഏത് പ്രതി സന്ധിഘട്ടത്തിലും ദൈവവചനത്തിൽ ആശ്രയിച്ചുകൊണ്ട്, ദൈവം അറിയാതെ ഒന്നും സംഭവിക്കുകയില്ല എന്ന് തിരിച്ചറിഞ്ഞ് മുന്നോട്ട് പോകുവാൻ ദൈവം ശക്തിനൽകി. ആ മാറ്റം ഞങ്ങളുടെ കുടുംബത്തിൽ ഒത്തിരി സന്തോഷം നൽകി. ഒരു യഥാർത്ഥ ക്രിസ്ത്യാനിയായി ജീവിക്കുവാൻ പ്രാർത്ഥന എത്രമാത്രം അനിവാര്യമാണെന്ന് ഞങ്ങൾ മനസിലാക്കി. അങ്ങനെ സുവിശേഷസംഘത്തിന്റെ 8-ാം ബാച്ചിൽ പോകാൻ ഞങ്ങൾ പ്രേരിതരായി. ആദ്യ ക്ലാസിൽ തന്നെ സുവിശേഷസംഘാംഗങ്ങളുടെ വിശുദ്ധ ജീവിതമാണ് സഭയുടെ സമ്പത്ത് എന്ന സത്യം ഞങ്ങൾ തിരിച്ചറിഞ്ഞു. ഓരോ സുവിശേഷസംഘാംഗങ്ങളുടെയും പ്രാർത്ഥനാജീവിതവും, സാക്ഷ്യവുമൊക്കെ ഞങ്ങളെ വല്ലാതെ സ്പർശിച്ചു. "കർത്താവ് എന്റെ പക്ഷത്തുണ്ടെങ്കിൽ ഞാൻ ഭയപ്പെടുകയില്ല. മനുഷ്യർക്ക് എന്ത് ചെയ്യുവാൻ കഴിയും" (സങ്കീ.118:6). അങ്ങനെ 3 വർഷം നീണ്ട പരിശീലന ക്ലാസുകൾ പൂർത്തിയാക്കുവാൻ ഞങ്ങൾക്ക് ദൈവം കൃപ തന്നു. ഇതിനിടയിൽ മക്കൾ യൂണിവേഴ്സിറ്റി പരീക്ഷാസമയത്തുപോലും പരിശീലന ക്ലാസുകളിൽ പങ്കെടുത്തു. മാർ ഈവാനിയോസ് പിതാവ് അന്ത്യവിശ്രമം കൊള്ളുന്ന പുണ്യഭൂമിയിൽ ക്ലാസുകൾക്കു ശേഷം രാത്രിയിൽ പഠിച്ച് പരീക്ഷയെഴുതിയ എന്റെ മക്കൾക്ക് നല്ല മാർക്ക് വാങ്ങി വിജയിക്കുവാൻ ദൈവം അനുഗ്രഹിച്ചു. ഞങ്ങളുടെ കുടുംബത്തിലെ എല്ലാവരും യേശുവിനെ നാഥനും, രക്ഷകനുമായി വിശ്വസിച്ച് ഏറ്റുപറഞ്ഞപ്പോൾ കുടുംബത്തിൽ നല്ല സമാധാനം ലഭിച്ചു. ഇടവകയിലും ജോലിസ്ഥലത്തും, കോളേജിലും എല്ലാം സന്തോഷത്തോടെ അതിലുപരി ഏറെ സമാധാനപരമായി പ്രവർത്തിക്കുവാൻ ദൈവം ഞങ്ങൾക്ക് ശക്തിനൽകി വരുന്നു. "അങ്ങയുടെ വചനം എന്റെ പാദത്തിനു വിളക്കും, പാതയിൽ പ്രകാശവുമാണ്" (സങ്കീ. 119:105). ജീവിതത്തിന്റെ പാതയിൽ ദൈവവചനത്തിന്റെ വിളക്കും വെളിച്ചവുമായി ഉറച്ച ചുവടുവയ്പ്പോടെ മുന്നോട്ടുപോകുവാൻ കൃപ തരണേ എന്ന് ദൈവത്തോട് പ്രാർത്ഥിക്കുന്നു.

സുവിശേഷകയായ മലങ്കര കത്തോലിക്കാ സഭയിൽ സുവിശേഷകുടുംബമായി ഉയർത്തിയതിന് ആദ്യമായി ഞങ്ങൾ സർവ്വശക്തനായ ദൈവത്തിന് നന്ദി അർപ്പിക്കുന്നു. ഞങ്ങൾക്ക് എല്ലാ പ്രോത്സാഹനവും, അനുഗ്രഹവും തന്ന ബർണബാസ് പിതാവിനെ നന്ദിയോടെ സ്മരിക്കുന്നു. ഞങ്ങളെ ഇത്രത്തോളം ചേർത്തുനിർത്തിയ അത്യഭിവന്ദ്യ കാതോലിക്കാ ബാവായോടും, സിൽവാനോസ് പിതാവിനോടും, ബഹുമാനപ്പെട്ട ബനഡിക്ട് അച്ചനോടും ബഹു. സിസ്റ്റർ മേരി പ്രസാദിനോടുമുള്ള നന്ദി ഞങ്ങൾ അറിയിക്കുന്നു. തുടർന്നും ഏവരുടെയും പ്രാർത്ഥന യാചിക്കുന്നു.

## സുവിശേഷസംഘാംഗങ്ങൾ സംഭാവന അയക്കാവുന്നതാണ്

**മൂന്ന് വിധത്തിൽ തുക അടയ്ക്കാവുന്നതാണ്**

**1. ബാങ്ക് വഴി**
**Suvishesha Sangam, Catholic Syrian Bank (CSB)**
**Pattom Branch, Trivandrum**
**A/C No : 0298-04112633-190001**
**IFSC : CSBK0000298**

Scan and pay here
SUVISHESHA SANGAM
TRIVANDRUM
SUVISHESHASANGAM.10006773@csbpay

**2. UPI Payment ID: Suvisheshasangam.10006773@csbpay**

**3. UPIMobile number : 8281512877**

www.malankaralibrary.com





അനുഭവസാക്ഷ്യം

# കിഴക്കിന്റെ വെളിച്ചത്തിലേക്ക് സുവിശേഷ സംഘത്തിലൂടെ

**ജേക്കബ് ജോർജ് & ട്രിനി ജേക്കബ്**

*സഭാതല സുവിശേഷസംഘാംഗം 8-ാം ബാച്ച്*



തിരുവനന്തപുരം ജില്ലയിലെ നാലാഞ്ചിറ സെന്റ് തോമസ് മലങ്കര കത്തോലിക്ക ദൈവാലയമാണ് ഞങ്ങളുടെ ഇടവക. സഭാതല സുവിശേഷ സംഘത്തിലെ എട്ടാം ബാച്ചിലെ അംഗങ്ങളായി കൈവെപ്പ് സ്വീകരിക്കുവാൻ ദൈവം ഞങ്ങളെ തിരഞ്ഞെടുത്തതിനെ ഓർത്ത് ആദ്യമേ ദൈവത്തിന് നന്ദി പറയുന്നു.

മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം എന്നത് ഒരു ദൈവവിളിയാണെന്നും വിശുദ്ധ ജീവിതം നയിക്കാൻ ആഗ്രഹിക്കുന്നവരുടെ ഒരു കൂട്ടായ്മയാണെന്നും സ്വയം വിശുദീകരിച്ച് സഭയെ നവീകരിക്കുവാനുള്ള നവീകരണ പ്രസ്ഥാനമാണെന്നും അറിഞ്ഞ് കേട്ടത് മുതൽ ഞങ്ങൾക്കും അതിൽ പങ്കാളികളാകണമെന്ന് ആഗ്രഹിച്ചിരുന്നു.

2014 മുതൽ 6 വർഷത്തോളം ഒരു ധ്യാനകേന്ദ്രത്തിൽ ശുശ്രൂഷ ചെയ്യുവാൻ ദൈവം ഞങ്ങൾക്ക് അവസരം തന്നു. അത് ഏറ്റവും ഭംഗിയായും ശുശ്രൂഷാ മനോഭാവത്തോടുംകൂടി ചെയ്യുവാൻ സാധിച്ചു എല്ലാ മാസവും ആ ധ്യാന കേന്ദ്രത്തിൽ ശുശ്രൂഷകൾക്കായി വന്നിരുന്ന ബഹു. ഗോഡ് ജോയ് അച്ചനുമായി ഞങ്ങൾ കണ്ടുമുട്ടാറുണ്ടായിരുന്നു. ആ സമയത്ത് അച്ചൻ തിരുവനന്തപുരം മേജർ അതിഭദ്രാസന സുവിശേഷ സംഘത്തിന്റെ ഡയറക്ടറായി സേവനമനുഷ്ഠിച്ചു വരികയായിരുന്നു. ആ ദിവസങ്ങളിൽ എന്തുകൊണ്ടാണ് നിങ്ങൾ രണ്ടുപേരും സുവിശേഷ സംഘത്തിൽ അംഗങ്ങൾ ആകാത്തത് എന്ന് അച്ചൻ ചോദിച്ചിരുന്നു ഞങ്ങൾക്ക് ആഗ്രഹമുണ്ടെന്ന് അച്ചനോട് പറയുകയും ചെയ്തു ബഹുമാനപ്പെട്ട അച്ചന്റെ ആത്മീയ ഇടപെടലുകളാണ് ഞങ്ങളെ സുവിശേഷ സംഘത്തിലേക്ക് നയിച്ചത്.

നോമ്പും പ്രാർത്ഥനയും ഉപവാസവും ഞങ്ങളുടെ ജീവിതത്തിൽ അനുഷ്ഠിച്ചിരുന്നെങ്കിലും സുവിശേഷ സംഘ പരിശീലന ക്ലാസുകളിലൂടെ അതിന്റെ പൊരുൾ മനസ്സിലാക്കി കഴിഞ്ഞപ്പോൾ കൂടുതൽ വിശുദ്ധിയോടെ അത് അനുഷ്ഠിക്കുവാൻ ഞങ്ങൾക്ക് സാധിക്കുന്നുണ്ട്.

അതുപോലെ യാമ പ്രാർത്ഥനയുടെ പ്രാധാന്യവും വളരെ ആഴത്തിൽ മനസ്സിലാക്കുവാൻ കഴിഞ്ഞു. പ്രാർത്ഥനയിലൂടെ ദിവസത്തിന്റെ വിശുദ്ധീകരണവും നമ്മുടെ വ്യക്തിപരമായ വിശുദ്ധീകരണവും നടക്കുമെന്നും യാമപ്രാർത്ഥനയിലൂടെ നമ്മുടെ ഉള്ളിലേക്ക് ആത്മീയ ശക്തി കടന്നുവരുമെന്നുമുള്ള ഉത്തമ ബോധ്യം ഞങ്ങൾക്കുണ്ടായി.

സുവിശേഷ സംഘപരിശീലനത്തിൽ വ്യക്തിപരമായി ഞങ്ങളെ രണ്ടുപേരെയും ഏറ്റവും സ്വാധീനിച്ച ഒരു ഘടകമാണ് ലക്സിയോ ദിവനാ എന്ന വിശുദ്ധ ലിഖിത വായനാരീതി. സാധാരണ നാം വിശുദ്ധ ഗ്രന്ഥം വായിക്കുന്നതിൽ നിന്നും വിഭിന്നമായ ഒരു വായന അനുഭവമാണ് ലക്സിയോ ദിവിനാ. (Lectio Divina) എന്ന വിശുദ്ധ ഗ്രന്ഥ വായനാ രീതി നമുക്ക് പ്രദാനം ചെയ്യുന്നത്. അക്ഷരാർത്ഥത്തിൽ വചനം നമ്മോട് സംസാരിക്കുകയും നമുക്ക് വചനത്തോട് സംവദിക്കുകയും ചെയ്യാൻ പറ്റുന്ന ഫലപ്രദമായ വിശുദ്ധ ലിഖിത വായന സമ്പ്രദായമാണ് ലക്സിയോ ദിവനാ. മാത്രമല്ല, വചനധ്യാനത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാനും നമ്മുടെ ജീവിത ശൈലികളെ മാറ്റുരച്ച് നോക്കുവാനും പോരായ്മകളും, അതിന് അനുസൃതമായ മാറ്റങ്ങൾ അനുഭവിച്ചറിയുവാനും ലക്സിയോ ദിവനാ സഹായിച്ചു. ജീവിതത്തിലെ വെല്ലുവിളികൾക്ക് ഉത്തരവും പരീക്ഷണങ്ങളിൽ കവചവും സങ്കടങ്ങളിൽ ആശ്വാസവും ആകുന്ന ജീവനുള്ള വചനത്തെ ലക്സിയോ ദിവനാ വഴി ഞങ്ങൾക്ക് കണ്ടുമുട്ടുവാൻ സാധിച്ചു.

യാമ പ്രാർത്ഥനയും വചനവായനയും കൂദാശ സ്വീകരണവും ഞങ്ങളുടെ ആത്മീയ ജീവിതത്തെയും കുടുംബ ജീവിതത്തെയും പരിപോഷിപ്പിക്കുന്നു. സുവിശേഷ സംഘാംഗങ്ങളായപ്പോൾ വിശുദ്ധ കുർബാന കൂടുതൽ അനുഭവ വേദ്യമാകുവാൻ തുടങ്ങി. വി. കുർബാനയിലും വി. ലീഖിതത്തിലും കാണുന്ന യേശുവിനെ മറ്റുള്ളവരിൽ കാണുവാൻ ഈ പരിശീലനം ഞങ്ങളെ സഹായിച്ചു.

ഞങ്ങൾ 2020 ജനുവരി മാസത്തിലാണ് 8-ാം ബാച്ച് പരിശീലനത്തിലേക്ക് കടന്നുവന്നത്. ആ വർഷം കൊറോണ വ്യാപനവും തുടർന്നുണ്ടായ ലോക്ഡൗണും കാരണം എല്ലാവരും അവരവരുടെ ഭവനങ്ങളിൽ ഇരിക്കാൻ നിർബന്ധിതരായി. എന്റെ ഭാര്യ 22 വർഷമായി സൺഡേ സ്കൂൾ എൽ കെ ജി ക്ലാസ് അധ്യാപികയാണ്. കുട്ടികൾക്ക് ഓൺലൈൻ ക്ലാസ്സ് സംഘടിപ്പിക്കുവാൻ ഇടവക തലത്തിൽ തീരുമാനവുമായി. എഴുതുവാനും വായിക്കുവാനും അറിയാത്ത കുഞ്ഞുമക്കൾക്ക് ഓൺലൈൻ ക്ലാസ്സ് എങ്ങനെ നടത്താം എന്ന് ഞങ്ങൾ കുടുംബമായി ആലോചിച്ചു. ഗൂഗിൾ മീറ്റ് വഴി കുഞ്ഞുങ്ങളെ ക്ലാസ്സെടുത്തു പഠിപ്പിക്കുക പ്രായോഗികം അല്ലെന്നുള്ള നിഗമനത്തിൽ ഞങ്ങൾ എത്തി. അത് ശരിയായിരുന്നു എന്ന് പിന്നീട് ഞങ്ങൾക്ക് മനസ്സിലായി. എന്തു ചെയ്യണമെന്നും പല ദിവസങ്ങളിൽ ആയി ഞങ്ങൾ ആലോചിച്ചു. ഗൂഗിൾ മീറ്റ് വഴിയുള്ള ക്ലാസ്സുകൾ ചെറിയ കുഞ്ഞുങ്ങൾക്ക് തികച്ചും വിരസവും അവരെ പഠനപ്രക്രിയയിൽ നിന്ന് പിന്തിരിപ്പിച്ചേക്കും എന്നുള്ളത് കൊണ്ട് കുഞ്ഞുങ്ങൾക്ക് ആകർഷകവും താൽപര്യം ജനിപ്പിക്കുന്നതുമായ ഒരു മാർഗ്ഗം എന്തുകൊണ്ട് അവലംബിച്ചു കൂടാ എന്ന് ഞങ്ങളുടെ മകൻ ചോദിച്ചു അധ്യാപികയുടെ ക്ലാസും പഠന വിഷയവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, വീഡിയോകൾ, പാട്ടുകൾ, ആനിമേഷനുകൾ വിവരണങ്ങൾ ഇവ കോർത്തിണക്കിയ വീഡിയോ ക്ലാസുകൾ നിർമ്മിക്കുവാൻ ഞങ്ങളുടെ വികാരിയച്ചന്റെ അനുവാദത്തോടുകൂടി തീരുമാനിച്ചു. ലോക്ഡൗൺ കാലത്തെ ഒരു വീടിന്റെ പരിമിതികളിൽ ഇരുന്ന് ഇങ്ങനെ ഒരു കാര്യം ചെയ്യാം എന്ന് തീരുമാനം ഉടലെടുത്തത് സുവിശേഷ സംഘപരിശീലനത്തിന്റെ പ്രചോദനങ്ങൾ ഉൾക്കൊണ്ടതുകൊണ്ടാണ്.

ശ്രമകരമായിരുന്നു എങ്കിലും കൊച്ചു കുഞ്ഞുങ്ങൾക്ക് മനസ്സിലാകുന്ന രീതിയിൽ ക്ലാസിന്റെ സ്ക്രിപ്റ്റ് തയ്യാറാക്കൽ വീഡിയോ ഷൂട്ടിംഗ് എഡിറ്റിംഗ് എന്നിവ ചെയ്ത് എൽ കെ ജി പാഠപുസ്തകത്തിലെ 10 പാഠങ്ങളെ ആധാരമാക്കി 33 വീഡിയോ ക്ലാസുകൾ ഈ കാലഘട്ടത്തിൽ തയ്യാറാക്കി. ഇവ മാതാപിതാക്കൾക്ക് വാട്സ്ആപ്പ് വഴി അയച്ചു കൊടുക്കുകയും കുഞ്ഞുങ്ങൾക്ക് പല പ്രാവശ്യം ക്ലാസുകൾ കണ്ടു പഠിക്കുവാനും മനസ്സിലാക്കുവാനും വഴിയൊരുക്കുകയും ചെയ്തു.

സുവിശേഷപ്രഘോഷണത്തിനും സഭകളുടെ ഐക്യത്തിനുമായി തന്നെ പൂർണമായി സമർപ്പിച്ച് അതിനു നേരിടേണ്ടി വരാവുന്ന എല്ലാ ത്യാഗങ്ങളെയും സ്വീകരിച്ച് എല്ലാം വിട്ടുപേക്ഷിച്ച് ഒന്നുമില്ലാത്തവനായി മുണ്ടൻമല ഇറങ്ങി മരണം വരെ സുവിശേഷ പ്രഘോഷണത്തിനായും ഐക്യത്തിന്റെ ശുശ്രൂഷകൾക്കായും തന്നെതന്നെ സമർപ്പിച്ച് നിത്യതയിലേക്ക് കടന്നുപോയ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെ പറ്റിയുള്ള പഠനവും ഉൾക്കാഴ്ചകളും ഈ പരിശീലന ക്ലാസുകളിലൂടെ ഞങ്ങൾക്ക് കൂടുതൽ മനസ്സിലാക്കാൻ കഴിഞ്ഞു.

എത്ര മുറിവേറ്റാലും അതൊന്നും കാര്യമാക്കാതെ എന്ത് ചെലവ് വരും എന്ന് കണക്കുകൂട്ടി നോക്കാതെ ദൈവമേ നിനക്ക് ശുശ്രൂഷ ചെയ്യാൻ അടിയനെ ശക്തമാക്കണമെന്ന ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ പ്രാർത്ഥന സുവിശേഷ ശുശ്രൂഷയ്ക്ക് നമുക്ക് ബലം നൽകട്ടെ. പിതാവിന്റെ ഈ ഹൃദയ നൊമ്പരം ഓരോ മലങ്കര കത്തോലിക്കന്റെയും ഹൃദയ നൊമ്പരം ആകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

മൂന്നുവർഷക്കാലത്തെ പരിശീലനത്തിനൊടുവിൽ മലങ്കര സഭയുടെ പിതാവും തലവനുമായ അത്യഭിവന്ദ്യ കാതോലിക്ക ബാവയുടെ നേതൃത്വത്തിലും അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് പിതാവിന്റെയും അഭിവന്ദ്യ മാത്യു മാർ പോളികാർപ്പസ് പിതാവിന്റെയും അനുഗ്രഹാശിസുകളോടെ 2023 നവംബർ 18-ാം തീയതി പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ വച്ച് സഭാതല സുവിശേഷ സംഘാംഗങ്ങളായി ഞങ്ങൾ കൈവയ്പ് സ്വീകരിച്ചു. ഇത് ഒരു ദൈവനിയോഗമാണ് എന്ന് ഞങ്ങൾ പൂർണമായും വിശ്വസിക്കുന്നു.




# ഫെഡറേഷൻ ഫോർ ഏഷ്യൻ ബിഷപ്പ്സ് കൗൺസിൽ സുവിശേഷവത്ക്കരണ കാര്യാലയ സമ്മേളനം

## ബാങ്കോക്ക്, തായ്ലാന്റ്

ഫെഡറേഷൻ ഫോർ ഏഷ്യൻ ബിഷപ്പ്സ് കൗൺസിൽ- സുവിശേഷവത്ക്കരണ കാര്യാലയ സമ്മേളനം (FABC-OE) തായ്ലാന്റിലെ ബാങ്കോക്കിൽ വച്ച് 2023 ഡിസംബർ 12 മുതൽ 15 വരെ സമ്മേളിച്ചു. ഏഷ്യൻ ഭൂഖണ്ഡത്തിലെ 17 രാജ്യങ്ങളിൽ നിന്നുള്ള എപ്പിസ്ക്കോപ്പൽ കോൺഫറൻസിന്റെ പ്രതിനിധികളായി 10 ബിഷപ്പുമാരും, 13 വൈദികരും 1 സിസ്റ്ററും, 5 അല്മായരു മടക്കം 29 പേരാണ് സമ്മേളനത്തിൽ പങ്കെടുത്തത്. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രതിനിധിയായി സിനഡൽ കമ്മീഷൻ ഫോർ ഇവാഞ്ചലൈസേഷന്റെ സെക്രട്ടറി ബഹു. സി. ഡോ. മേരി പ്രസാദ് ഡി.എം. പങ്കെടുക്കുകയും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രേഷിത ശുശ്രൂഷകളുടെ സംക്ഷിപ്ത അവതരണം നടത്തുകയും ചെയ്തു.

വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ *ഏഷ്യയിലെ സഭ* എന്ന അപ്പസ്തോലിക പ്രബോധനത്തിന്റെ 25-ാം വാർഷികവും, പരി. ഫ്രാൻസിസ് പാപ്പായുടെ *സുവിശേഷത്തിന്റെ ആനന്ദം* എന്ന അപ്പസ്തോലിക പ്രബോധനത്തിന്റെ 10-ാം വാർഷികവും ആഘോഷിക്കുന്ന പശ്ചാത്തലത്തിലാണ് സമ്മേളനം നടന്നത്. ഈ രണ്ട് അപ്പസ്തോലിക പ്രബോധനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെടുകയും ഇവയുടെ അടിസ്ഥാനത്തിൽ ഏഷ്യയിലെ സഭയുടെ പ്രേഷിത പ്രവർത്തനങ്ങളുടെ 21-ാം നൂണ്ടാറ്റിലെ സാധ്യതകളേയും വെല്ലുവിളികളേയും സംബന്ധിച്ച് അവലോകനവും ചർച്ചകളും നടത്തുകയും ചെയ്തു. ഏഷ്യയിലെ മിക്ക രാജ്യങ്ങളും പ്രേഷിത പ്രവർത്തനങ്ങളും വിവിധ പ്രതിസന്ധികളും അഭിമുഖികരിക്കുന്നു എങ്കിലും പ്രത്യാശയോടെ മുന്നേറുകയും യുവജനങ്ങളിലേയ്ക്കും കുട്ടികളിലേക്കും സുവിശേഷം എത്തിക്കുവാനുള്ള നവസാധ്യതകളെ കുടുതൽ പ്രയോജനപ്പെടുത്തണം എന്ന് സമ്മേളനം ഊന്നി പറഞ്ഞു. യുവജനങ്ങളിൽ സുവിശേഷം എത്തിക്കുന്ന ഗ്ലോബൽ 2023, ആൽഫാ എന്നീ സംഘടനകളുടെ പ്രവർത്തനങ്ങളെ പരിചയപ്പെടുത്തിയത് സമ്മേളനത്തിലെ ശ്രദ്ധേയമായ കാര്യമായിരുന്നു. ഏഷ്യൻ ഭൂഖണ്ഡത്തിലെ രാജ്യങ്ങളെ വിവിധ സോണുകളായി തിരിച്ച് പ്രവർത്തനം കുടുതൽ എകോപിപ്പിക്കുവാനും കൂട്ടായ പ്രേഷിത സാധ്യതകളെപ്പറ്റി ചിന്തിക്കുവാനും സമ്മേളനം ആഹ്വാനം ചെയ്തു. വിയറ്റ്നാം, ഫിലിപ്പൈൻസ് പോലുള്ള രാജ്യങ്ങളിൽ നടക്കുന്ന തീക്ഷ്ണമായ പ്രഷിത പ്രവർത്തനം ഏവർക്കും മാതൃകയായിരുന്നു. കുടുതൽ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനുള്ള തീരുമാനത്തോടെ സമ്മേളനം അവസാനിപ്പിച്ചു.

www.malankaralibrary.com





# ആഭിമുഖ്യങ്ങളെ മാറ്റിയ വിധി

**ഫ്രാൻസിസ് & സലീല**
*സഭാതല സുവിശേഷസംഘാംഗം 6, 5 ബാച്ച്*



എന്റെ പേര് ഫ്രാൻസിസ്. ഞാൻ ഒരു റിട്ടയേർഡ് DYSP ആണ്. എന്റെ ഭാര്യ സലീല ഒരു റിട്ടയേർഡ് ടീച്ചർ ആണ്. ഒരു വലിയ സമ്പന്നൻ ആകണം എന്നുള്ളതായിരുന്നു എന്റെ ആഗ്രഹം. സമ്പന്നനാകാനുള്ള തിരക്കിനിടയിൽ എന്റെ ഭാര്യക്കും മക്കൾക്കും ആവശ്യമായതും ഒന്നും നൽകാൻ കഴിഞ്ഞില്ല. അവർ പലവിധ വേദനകളിലൂടെയും കഷ്ടങ്ങളിലൂടെയും എല്ലാം കടന്നു പോയപ്പോൾ ഞാൻ അവരെ ആശ്വസിപ്പിക്കുകയോ സ്നേഹിക്കുകയോ ചെയ്തില്ല. കാരണം എന്റെ ചിന്തകൾ എപ്പോഴും ഒരു സമ്പന്നൻ ആകണം എന്നത് മാത്രമായിരുന്നു.

ഒരു ദിവസം ഒരു സിസ്റ്റർ ഞങ്ങളുടെ ഭവനത്തിലേക്ക് വരികയും എന്റെ ഭാര്യയോടും മക്കളോടും സംസാരിക്കുകയും ചെയ്തു. ഞങ്ങളുടെ കുടുംബത്തിന്റെ അവസ്ഥ മനസ്സിലാക്കി എന്നോട് തനിച്ച് സംസാരിക്കണം എന്ന് സിസ്റ്റർ ആവശ്യപ്പെട്ടു. ദീർഘനേരം എനിക്ക് കുടുംബജീവിതത്തെപ്പറ്റിയും ഈശോയെപ്പറ്റിയും എല്ലാം സിസ്റ്റർ പറഞ്ഞു തന്നു. എന്നോട് ഒരു ധ്യാനത്തിനു പോകാമോ എന്ന് ചോദിച്ചു. മനസ്സില്ലാ മനസ്സോടെ പോകാം എന്ന് ഞാൻ സമ്മതിച്ചു. ഞങ്ങൾ ഒരു ധ്യാനത്തിന് പോയി. ഈ ധ്യാനത്തിലൂടെ സമ്പത്തിന്റെ നശ്വരത മനസ്സിലാക്കുവാനും ദൈവിക അനുഭവത്തിലേക്ക് കടന്നു വരുവാനും ഞങ്ങൾക്ക് സാധിച്ചു. ജീവിതത്തിൽ ഇന്ന് വരെയും അനുഭവിച്ചിട്ടില്ലാത്ത ഒരു സന്തോഷവും സമാധാനവും എല്ലാം എനിക്ക് ലഭിച്ചു. ഞങ്ങൾക്ക് ലഭിച്ച ധ്യാന അനുഭവം ഞങ്ങൾ സിസ്റ്ററുമായി പങ്കുവെച്ചു. സിസ്റ്റർ ഞങ്ങളുടെ കാര്യങ്ങൾ ബിഷപ്പിനോട് പറയുകയും ബിഷപ്പ് ഞങ്ങളോട് സുവിശേഷം പ്രഘോഷിക്കാൻ ആഗ്രഹമുണ്ടോ എന്ന് ചോദിക്കുകയും ചെയ്തു. ഉത്തരം പറയുവാൻ ഒരു മാസത്തെ സാവകാശം ഞങ്ങൾ ചോദിച്ചു. ഒരു മാസം നന്നായി പ്രാർത്ഥിച്ച് ഒരുങ്ങിയും ദിവ്യകാരുണ്യം സ്വീകരിച്ചും ബൈബിൾ വായിച്ചും പ്രാർത്ഥിച്ചും എല്ലാം ഞങ്ങൾ സുവിശേഷപ്രഘോഷത്തിന് ഒരുങ്ങി. ഒരു മാസത്തിനുശേഷം ഞങ്ങൾ സുവിശേഷം പ്രഘോഷിക്കാൻ റെഡിയാണെന്ന് പിതാവിനെ അറിയിച്ചു. ദൈവകൃപയാൽ സുവിശേഷ പ്രഘോഷണത്തിന് പിതാവ് ഞങ്ങൾക്ക് അനുവാദം നൽകി. സുവിശേഷ സംഘത്തിലെ അംഗങ്ങൾ ആകുവാൻ ദൈവം ഞങ്ങളെ അനുഗ്രഹിച്ചു. സുവിശേഷ പ്രഘോഷണത്തിലൂടെയും ജപമാലയിലൂടെയും എല്ലാം അനേകരെ സുവിശേഷ സംഘത്തിലേക്ക് നയിക്കാൻ ദൈവം ഞങ്ങൾക്ക് കൃപ നൽകി. ഇടവക സന്ദർശനം, ഭവന സന്ദർശനം തുടങ്ങിയവയിലൂടെ അനേകർക്ക് വേണ്ടി പ്രാർത്ഥിക്കുവാനും അവരെ ദൈവാനുഭവത്തിലേക്ക് നയിക്കുവാനും ദൈവം ഞങ്ങളെ അനുഗ്രഹിച്ചു. ഭവനങ്ങൾ സന്ദർശിക്കുമ്പോൾ അവർ പറയാതെ തന്നെ അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കുവാനും ഉപവാസവും വർജനയും എല്ലാം എടുത്തു പ്രാർത്ഥിക്കുവാൻ ദൈവം ഞങ്ങൾക്ക് കൃപ നൽകി. പ്രാർത്ഥനാ സഹായം ചോദിച്ച് ആളുകൾ ഞങ്ങളുടെ ഭവനം തേടി വരുവാനും ഞങ്ങൾ അവർക്ക് വേണ്ടി പ്രായശ്ചിത്തമനുഷ്ഠിച്ച് പ്രാർത്ഥിക്കുവാനും ഞങ്ങൾക്ക് കൃപ ലഭിച്ചു. പൈശാചിക പീഡകൾ, അടിമത്വങ്ങൾ എന്നിവയെ ബന്ധിക്കുവാനും അവയെ തകർത്തു കളയുന്നതിനും ആയി ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഉപവാസവും പ്രാർത്ഥനയും കൂടാതെ ഒന്നും ചെയ്യാൻ കഴിയുകയില്ല എന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. യേശുവിന്റെ സുവിശേഷം പ്രസംഗിച്ച് യേശുവിന്റെ സാക്ഷികളായി ജീവിക്കാൻ ഞങ്ങളെ തിരഞ്ഞെടുത്തതിന് യേശുവിന് ഒത്തിരി നന്ദി പറയുന്നു.

കുടുംബമായി ഒന്നിച്ച് ആഴമായ ആത്മീയ ജീവിതം നയിക്കുന്ന സുവിശേഷ സംഘത്തിൽ കുടുംബമായി ഞങ്ങളെ തിരഞ്ഞെടുത്തതിന് ദൈവത്തിനു നന്ദി പറയുന്നു. ഞങ്ങളുടെ പ്രിയ ഏക മകൻ ഫാ. സജിത്ത് ഫ്രാൻസിസ് സഭാതലം മൂന്നാം ബാച്ചിൽ പരിശീലനം നേടി കൈവെപ്പ് സ്വീകരിച്ച് മാർത്താണ്ഡം ഭദ്രാസനത്തിലെ സുവിശേഷ സംഘത്തിന്റെ ഡയറക്ടർ ആയി അഞ്ചുവർഷം ശുശ്രൂഷ ചെയ്തു. ഇപ്പോൾ തേനി ജില്ലയിലുള്ള ഒരു ചേരി പ്രദേശത്ത് മിഷൻ നടത്തി അവിടെ ശുശ്രൂഷ ചെയ്യുന്നു. വിശക്കുന്നവർക്ക് അപ്പമായും രോഗികൾക്ക് മരുന്നും പാവപ്പെട്ടവർക്ക് ആലംബവും ആകുന്നതാണ് സുവിശേഷം എന്ന സുവിശേഷ വാക്യങ്ങൾ അടിസ്ഥാനമാക്കിയ അഭിവന്ദ്യ സിൽവാനോസ് പിതാവിന്റെ വാക്കുകൾ ഉൾക്കൊണ്ട് പാവപ്പെട്ടവരുടെ ഇടയിൽ നാലുവർഷമായി ശുശ്രൂഷ ചെയ്ത് ഒരു ഇടവക കൂട്ടായ്മ രൂപീകരിക്കാൻ കഠിനമായി പ്രയത്നിക്കുന്നു.

കൊറോണ കാലഘട്ടത്തിൽ അവിടെയുള്ള പാവപ്പെട്ടവർക്ക് ഭക്ഷണം നൽകിയും കുഞ്ഞുങ്ങൾക്ക് ഫ്രീയായി ട്യൂഷൻ നൽകിയും വന്നിരുന്നു. അവരോട് ചേർന്ന് അവർക്ക് വേണ്ടി ജീവിച്ച സാക്ഷ്യം വഴി അച്ചൻ വിശ്വസിക്കുന്ന ക്രിസ്തീയ ജീവിതം അക്രൈസ്തവരായ അവർക്ക് യാതൊരു ദോഷവും വരുത്തിയില്ല എന്ന വിശ്വാസത്തിലേക്കും യേശുവിലേക്കും ക്രമേണ കടന്നുവരുന്നു. ഇവിടെയുള്ള ചെറിയ ദൈവാലയം അവരുടെ കുഞ്ഞുങ്ങൾക്ക് ഒരു ആശ്വാസ കേന്ദ്രവും സംരക്ഷണ സ്ഥലവുമായി അവർ കരുതുന്നു. ഞങ്ങളുടെ മകൻ ഇപ്രകാരമുള്ള ശുശ്രൂഷ ചെയ്യുന്നതിൽ വളരെ സന്തോഷിക്കുകയും അഭിമാനിക്കുകയും ചെയ്യുന്നു. അച്ചനോട് ചേർന്ന് മിഷൻ പ്രവർത്തനത്തിൽ ഞങ്ങളും ആവുംവിധം എല്ലാം പങ്കുചേരുകയും സഹായിക്കുകയും ചെയ്യുന്നു.

**സുവിശേഷ സന്ധ്യ**

**എല്ലാ ചൊവ്വാഴ്ചകളിലും**
**വൈകീട്ട് 7 മുതൽ 8.15 വരെ**

zoom
Meeting ID : 843 8415 227
Passcode : 861141

# സന്യാസ ജീവിതവും സുവിശേഷസംഘ പരിശീലനവും, മിഷനും

**സി. ജ്യോതി എസ്.ഐ.സി.**
*സഭാതല സുവിശേഷസംഘാംഗം 8-ാം ബാച്ച്*



ദൈവമനുഷ്യ ബന്ധത്തിന്റെ ഇഴയടുപ്പത്തെ കൂടുതൽ ഊട്ടി ഉറപ്പിക്കുന്ന ശ്രേഷ്ഠവിളി... മനുഷ്യ സങ്കൽപ്പങ്ങൾക്കതീതം.... സന്യാസം. ഇത് കാലികമായി സുവിശേഷ ബന്ധിതയാകുമ്പോൾ അതിന്റെ മാറ്റ് കുറേക്കൂടി വർദ്ധിക്കുകയാണ്. വി. മർക്കോസിന്റെ സുവിശേഷം 16-ാം അധ്യായം 15-ാം വാക്യത്തിൽ ഇപ്രകാരം തന്റെ ശിഷ്യർക്ക് ഈശോ ഒരു ആഹ്വാനം നൽകുകയാണ്. നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ. ഈ കൽപ്പനയെ സഭയിൽ സമൂഹമായി ഏറ്റെടുക്കുന്നതിന്റെ ഒരു നേർക്കാഴ്ചയാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ സുവിശേഷ സംഘം. വൈദികരെയും സന്യസ്തരെയും അല്മായ സഹോദരങ്ങളേയും ഒരുപോലെ സുവിശേഷ ദീപത്താൽ തെളിച്ചു തങ്ങളുടെ ജീവിതക്രമം തന്നെ അതിനനുസൃതമായി ക്രമപ്പെടുത്തി, ഈ സുവിശേഷസംഘാംഗങ്ങൾ കൂടുതൽ പ്രോജ്വലിക്കുകയാണ്. സന്യസ്തർക്ക് സുവിശേഷ സംഘത്തിലൂടെ തങ്ങളെത്തന്നെ വിശുദ്ധീകരിച്ച് തങ്ങളുടെ സഭയിലുള്ള ഈ സവിശേഷവിളിയെ കൂടുതൽ കൃപയുള്ളതാക്കി മാറ്റാൻ കഴിയും.

പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പ പറഞ്ഞു സന്തോഷമാണ് സന്യസ്തരുടെ സമർപ്പണ സൗന്ദര്യം. ദുഃഖത്തിൽ വിശുദ്ധിയില്ല. സന്യാസം നാം ദൈവത്തിനും സഭയ്ക്കും നൽകിയ സന്തോഷത്തോടെയുള്ള ഒരു അതേ ആയിരുന്നു. ഈ വിളിയിൽ മുൻകൈയെടുത്തത് ക്രിസ്തു എങ്കിലും ഇത് സന്യസ്തരുടെ ഒരു മറുപടിയുടെ കൂടെ പൂർത്തീകരണമാണ്. അതിനാൽ സ്വജീവിതത്തിലൂടെയും പ്രവർത്തനമേഖലകളിലൂടെയും ഈ സുവിശേഷ സാക്ഷികൾ ആകേണ്ടവരാണ് സന്യസ്തർ.

സുവിശേഷസംഘാംഗം എന്ന പേരിൽ ഒരാൾക്ക് ആ വാക്കിൽ തന്നെ പൂർണ്ണത നേടാനാവില്ല. പിന്നെയോ അത് പ്രവർത്തന മേഖലകളിൽ ആർജ്ജവത്വം പ്രാപിക്കുമ്പോഴാണ് പൂർണ്ണതയിലേക്ക് എത്തുന്നത്. പ്രവർത്തിയില്ലാത്ത വിശ്വാസം മൃതമാണെന്ന് വി. യാക്കോബ് ശ്ലീഹായുടെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. ഈ സാക്ഷീകരണത്തിന് ആയുള്ള ഏറ്റവും വലിയ വേദിയാണ് മിഷൻ പ്രവർത്തന മേഖലകൾ. മലങ്കര സുറിയാനി കത്തോലിക്കാ സഭ സുവിശേഷസംഘ ശുശ്രൂഷകളെ മിഷൻ പ്രവർത്തന മേഖലകളിലേക്ക് വ്യാപിപ്പിച്ചിരിക്കുകയാണ്. അതിലെ ഏറ്റവും വലിയ ഒരു മേഖലയാണ് കുടുംബ പ്രേഷിത ശുശ്രൂഷ. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ വീക്ഷണത്തിൽ കുടുംബങ്ങളുടെ ഉള്ളറകളിലേക്ക് ഇറങ്ങിച്ചെല്ലുന്ന ഒരു സന്യാസ സമൂഹം ഉണ്ടാകണം. എന്തെന്നാൽ കുടുംബം നന്നായാൽ ഒരു ഇടവക നന്നാകും. ഇടവക നന്നായാൽ സഭ നന്നാകും, അങ്ങനെ ഈ മിഷൻ മേഖലകളിൽ എല്ലാം ഒരു ആരാധനാ സമൂഹത്തെ വാർത്തെടുക്കാൻ സാധിച്ചാൽ സഭയ്ക്ക് ഇരട്ടി തിളക്കം കൈവരും. സന്യാസ വിളിയോട് വിശ്വസ്തത പുലർത്തേണ്ടതിന് സുവിശേഷത്തോട് വിശ്വസ്തത പുലർത്തുന്ന സന്യസ്ത സഹോദരങ്ങൾ ഉണ്ടാകേണ്ടത് ആവശ്യമാണ്.

( ...... 5-ാം പേജിൽ നിന്നും തുടർച്ച)

കണ്ണുകളിലും പ്രകടമായിരുന്നു. അപ്പോഴും കാര്യങ്ങൾ ദൈവഹിത പ്രകാരം കാണാൻ സാധിക്കാത്ത വിധം കണ്ണുകൾ മൂടപ്പെട്ടിരുന്നു. അതുകൊണ്ട് കൂടിയാണ് ഞാൻ അവരോടൊപ്പം അന്ന് അവിടെ വസിക്കാൻ ക്ഷണിക്കപ്പെട്ടപ്പോൾ കയറിയതും. എന്നാൽ മൂടപ്പെട്ട കണ്ണുകൾ, ഉള്ളിലെ കൃഷ്ണമണിയുടെ ദൃതഗതിയിലുള്ള ചലനം സത്യത്തിന്റെ തൊട്ടടുത്ത് എത്തിയ ആത്മവിശ്വാസവും പ്രത്യാശയും നിഴലിക്കുന്നതായിരുന്നു. അതെ, തുറക്കപ്പെടാനായി ത്രസിക്കുന്ന കൺപോളകൾ ഞാൻ ആ മുഖത്ത് വ്യക്തമായി കണ്ടു. ഇനിയും എന്തിന് അമാന്തിക്കണം? ഞാൻ എന്നെ തന്നെ അവർക്ക് പങ്കുവെച്ചു കൊടുത്തുകൊണ്ട് എന്റെ മാംസ രക്തങ്ങളിലുള്ള അവരുടെ പങ്കാളിത്തത്തെ വെളിപ്പെടുത്താൻ തീരുമാനിച്ചു. അവരുടെ അപ്പം ഞാൻ എന്റെ കൈകളിൽ എടുത്ത് സ്വർഗത്തിലേക്ക് കണ്ണുകൾ ഉയർത്തി എന്റെയും അവരുടെയും ദൈവമായ പിതാവിന് നന്ദി പ്രകാശിപ്പിച്ചു. എന്റെ കരങ്ങളാൽ സ്വർഗ്ഗത്തിലേക്ക് ഉയർത്തപ്പെട്ട അവരുണ്ടാക്കിയ അപ്പം അപ്പോൾ തന്നെ രൂപാന്തരം പ്രാപിച്ചിരുന്നു. അത് കാണാൻ സാധിക്കും വിധം അവരുടെ കണ്ണുകൾ തുറക്കപ്പെട്ടു. അവർ ആ അപ്പത്തിലെ എന്നെ (അവരുടെ യേശു: ദൈവഹിതം) തിരിച്ചറിഞ്ഞു. അതെ, അവിടെ ഒരു സുവിശേഷസംഘം രൂപപ്പെട്ടു കഴിഞ്ഞു. സ്വർഗീയ പിതാവിന്റെ തിരുഹിതം നിറവേറുന്നതാണ് എന്റെ ഭക്ഷണം (യോഹന്നാൻ 4:34) എന്ന ദൈവപുത്രന്റെ ഹൃദയവും മനസ്സും ഉള്ളവരുടെ സംഘം ഇനിമേൽ ഞാനല്ല ജീവിക്കുന്നത് ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്. (ഗലാ 2:20) അതിനാൽ ക്രിസ്തു ആയിരിക്കുന്ന ഇടത്തേക്ക് അവർ വീണ്ടും യാത്ര ചെയ്തു. കാരണം അവിടെയാണ് അവനോട് കൂടെ ക്രൂശിതനായിരിക്കുവാൻ സാധിക്കുക. ഇതാണ് സുവിശേഷവൽക്കരണം. ഓരോ ശിഷ്യനും ഗുരുവിനെപ്പോലെ ആയാൽ മതി. സുവിശേഷമായി മാറാം. സുവിശേഷമേകാം. ക്രിസ്തുമസ് പുതുവത്സര ആശംസകൾ.

**മാർ ഈവാനിയോസ് പ്രയർ മിനിസ്ട്രി**

**കബറിങ്കൽ ഉപവാസ പ്രാർത്ഥന**

**എല്ലാ വെള്ളിയാഴ്ചകളിലും**
**രാവിലെ 11 മുതൽ 12 വരെ**

zoom
Meeting ID : 85199070431
Passcode : 600521

**നിയോഗങ്ങൾ അറിയിക്കുക**
Mob No: 8281512877

www.malankaralibrary.com




സുവിശേഷസംഘസംഗമം പാറശ്ശാല വൈദീകജില്ല


സുവിശേഷസംഘ പരിശീലനം അഞ്ചൽ വൈദീകജില്ല


സുവിശേഷസംഘ പരിശീലനം ചെങ്ങന്നൂർ വൈദീകജില്ല


സുവിശേഷസംഘ പരിശീലനം മാനന്തവാടി വൈദീകജില്ല


സുവിശേഷസംഘ പരിശീലനം മുംബൈ വൈദീകജില്ല


സുവിശേഷസംഘ പരിശീലനം പിറവം വൈദീകജില്ല



# ഫ്രാൻസിസ് മാർപാപ്പ സംസാരിക്കുന്നു

1. **കർത്താവിനോട് സംസാരിക്കുന്നതിനെപ്പറ്റി :** "എല്ലാം കർത്താവിനോട് ചോദിച്ചു ചെയ്യുന്നത് ഒരു ശീലമാക്കണം".
2. **വിശുദ്ധിയെപ്പറ്റി :** "വിശുദ്ധർ അമാനുഷികരല്ല, ഹൃദയത്തിൽ ദൈവസ്നേഹം നിറച്ചവരും ആ സ്നേഹം മറ്റുള്ളവരോട് പങ്കുവച്ചവരുമാണ് വിശുദ്ധർ".
3. **ദൈവകരുണയെപ്പറ്റി :** "യുദ്ധങ്ങളുടെ ഒരു കാലത്ത് ദൈവത്തിൽനിന്ന് മനുഷ്യൻ അകലുന്ന കാലത്ത് പിതാവായ ദൈവത്തിന്റെ കരുണയാണ് നമുക്കാവശ്യം".
4. **പരിശുദ്ധ മറിയത്തെപ്പറ്റി :** "നമ്മുടെ അമ്മയായ മറിയം സൗന്ദര്യത്തിന്റെ നിറകുടമാണ്. കാരണം മറിയത്തിൽ കൃപ നിറഞ്ഞിരിക്കുന്നു".
5. **ക്രിസ്തുമസിനെപ്പറ്റി :** "ദൈവത്തിന്റെ അതുല്യമായ സ്നേഹമാണ് ക്രിസ്തുമസ് വെളിപ്പെടുത്തുന്നത്. നമുക്ക് ഒരു പ്രത്യാശ ലഭിക്കുകയാണ്. നമ്മുടെ ദാരിദ്ര്യാവസ്ഥയിലും ദൈവം നമ്മെ സന്ദർശിക്കുന്നു, സ്നേഹിക്കുന്നു, കൂടെ നടക്കുന്നു എന്ന്".
6. **ദൈവത്തിന്റെ അനുകമ്പയെപ്പറ്റി :** "നമ്മൾ ദുർബലരായ പതറിപ്പോകാവുന്ന മനുഷ്യരാണ്. നമ്മെ സുഖപ്പെടുത്താനും ഉയർത്തിവിടാനും ദൈവത്തിന്റെ അനുകമ്പയാണ് ആവശ്യം".
7. **യുവജനങ്ങളോട് :** "കഴിവുകൾ കുഴിച്ചിടരുത്. വലിയ സ്വപ്നം കാണണം".
8. **സാമൂഹ്യപ്രവർത്തനത്തെപ്പറ്റി :** "വിശക്കുന്നവർക്കായി പ്രാർത്ഥിക്കണം. ഭക്ഷണം കൊടുക്കുകയും വേണം".
9. **സ്നേഹത്തെപ്പറ്റി :** "സ്നേഹത്തിന് വലിയ ശക്തിയുണ്ട്. സ്നേഹം ജീവൻ നൽകും".
10. **ദൈവം വിലമതിക്കുന്നത് :** "നമ്മുടെ പരിമിതികളുടെ ഇടയിലുള്ള ചെറിയ പരിശ്രമങ്ങൾ ദൈവം വലിയ സന്തോഷത്തോടെ കാണുന്നു, വിലമതിക്കുന്നു".
11. **ജീവിന്റെ വിലയെപ്പറ്റി :** "ജീവൻ എടുത്തുകൊണ്ടുള്ള പ്രശ്നപരിഹാരങ്ങൾ പുരോഗമനപരമല്ല".
12. **ക്രിസ്ത്യാനിയെപ്പറ്റി :** "ക്രിസ്ത്യാനി മതിലുപണിയുന്നവനല്ല. പാലമുണ്ടാക്കുന്നവനാണ്".



തയ്യാറാക്കിയത് : **ഡോ. ജോജു ജോൺ**
ഭദ്രാസനതല സുവിശേഷസംഘാംഗം
തിരുവനന്തപുരം മേജർ അതിഭദ്രാസനം


സുവിശേഷസംഘ പരിശീലനം റാന്നി-വെണ്ണിക്കുളം വൈദീകജില്ല


സുവിശേഷസംഘ പരിശീലനം തിരുവല്ല വൈദീകജില്ല

Printed and Published by Fr. Benedict Moozhikkara OIC, for the Syro Malankara Catholic Suvisesha Sangam, Catholicate Centre, Pattom, Trivandrum - 4. For Private Circulation only
For Contact Ph : 8281512877 Email : suvi.sangam21@gmail.com. Printed at St. Joseph's Press, Trivandrum-14